

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ബി.പി.2/1848/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/11/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ.)
2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

(ഇ.പ.സ.)
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ബി.പി.2/1848/2025 തീയ്യതി: 25/11/2025

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഹരികുമാർ ജി.	ജോയിന്റ് ഡയറക്ടർ	18-08-2025	26-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-08-2025	26-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ കെ.വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി ദേവിക പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി വി. അമ്പിളി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. സുരേഷ്കുമാർ കെ.എസ്.	സെക്രട്ടറി	01-04-2024	30-11-2024
ശ്രീ. സുചിത്രൻ എസ്.	സെക്രട്ടറി	01-12-2024	05-01-2025
ശ്രീ. വിനോദ് കുമാർ എസ്.	സെക്രട്ടറി	05-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. മനോജ് കുമാർ എം.എസ്.	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി ജെഷിത ഇ.	ശിശുവികസന പദ്ധതി ഓഫീസർ, നെടുമങ്ങാട്	01-04-2024	08-07-2024
ശ്രീമതി പ്രീതകുമാരി	ശിശുവികസന പദ്ധതി ഓഫീസർ, നെടുമങ്ങാട്	08-07-2024	31-03-2025
ശ്രീമതി ഉഷ സ്റ്റീഫൻ	ശിശുവികസന പദ്ധതി ഓഫീസർ, നെടുമങ്ങാട് (അഡിഷണൽ, കരകുളം)	01-04-2024	31-03-2025
ശ്രീ. ബിജു വി.ഒ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട്	01-04-2024	12-08-2024
ശ്രീമതി മഞ്ജു വി.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട്	13-08-2024	06-12-2024
ശ്രീ. ബിജു വി.ഒ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട്	07-12-2024	31-03-2025
ശ്രീമതി ശ്രീകല എസ്.	പട്ടികജാതി വികസന ഓഫീസർ, നെടുമങ്ങാട്	01-04-2024	31-03-2025
ഡോ. അമ്പിളി എം.കെ.	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	01-04-2024	31-03-2025
ശ്രീമതി നീരജ ആർ.കെ.	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട്	01-04-2024	31-03-2025
ശ്രീ. ചാരുമിത്രൻ കെ	അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, നെടുമങ്ങാട്	01-04-2024	31-03-2025
ശ്രീമതി അർച്ചന സി. എസ്.	വ്യവസായ വികസന ഓഫീസർ, നെടുമങ്ങാട്	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	2024-25 വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല	1-1-2
4	വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു	1-1-3
5	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-4
6	സംയുക്ത പ്രോജക്ട് - ഗ്രാമപഞ്ചായത്ത് വിഹിതം പൊരുത്തപ്പെടുന്നില്ല	1-1-5
7	അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക നില (റസീപ്റ്റ് ആൻഡ് പേയ്മെന്റ് പ്രകാരം)	1-3
10	ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ	1-4-1
11	ഗ്രാന്റ് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	ക്യാഷ് വെരിഫിക്കേഷൻ	1-6
14	ആഭ്യന്തര നിയന്ത്രണം	1-7
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
16	തൊഴിലുറപ്പ് പദ്ധതി	1-9
17	വരവ് - അപാകങ്ങൾ	1-10
18	ആർ. ആർ. എഫ്. യൂണിറ്റിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല	1-11
19	നെടുമങ്ങാട് താലൂക്ക് ഹോമിയോപ്പതി ആശുപത്രിയിലേക്ക് മരുന്ന്, റീയേജന്റ് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല - 1,19,092/- രൂപ തടസ്സപ്പെടുത്തുന്നു	1-12
20	ജ്യോതിർഗമയ ബാല്യ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല - 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു	1-13
21	"അവൾക്കായി" പദ്ധതി അപാകങ്ങൾ - മരുന്നുകൾ ലഭ്യമാകാത്തതിനാൽ 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു	1-14
22	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം	1-15
23	അരുവിക്കര പട്ടികജാതി പ്രീ-മെട്രിക് ഹോസ്റ്റൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - ആവശ്യകതാനിർണയം നടത്താതെ വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിച്ചില്ല - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - 8,11,928/- രൂപ (90852+ 721076) തടസ്സപ്പെടുത്തുന്നു	1-16
24	വിനിയോഗ വിവരം ലഭ്യമാക്കിയില്ല - ചെലവ് തുക 29,89,642/- രൂപ തടസ്സപ്പെടുത്തുന്നു	1-17

25	സമഗ്ര കുടിവെള്ള പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു - 63,82,500/- രൂപ (4009000 + 2373500)	1-18
26	വയോജന ക്ഷേമം - സോളാർ പാർക്ക് സ്ഥാപിക്കൽ - പദ്ധതി പൂർത്തിയാക്കിയില്ല	1-19
27	ഗുണഭോക്താക്കളിൽ നിന്നും പിരിച്ച ഗുണഭോക്തൃ വിഹിതം ജൈവ ഗ്രാമത്തിന് കൈമാറിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല - 4,68,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-20
28	ജൈവ ഗ്രാമത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ - രേഖകൾ ലഭ്യമാക്കിയില്ല - 8,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-21
29	സകർമ്മ മിനിട്സ് - സമയബന്ധിതമായി നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നില്ല	1-22
30	ഹരിത വിദ്യാലയം - ഔഷധ സസ്യ പ്രദർശന തോട്ടമൊരുക്കൽ - വിതരണം നടത്തിയില്ല - 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23
31	മാമ്പഴ ഗ്രാമം പ്രദർശന തോട്ടം പദ്ധതി - സ്റ്റോക്ക് രജിസ്റ്റർ, അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല - 1,20,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു	1-24
32	ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ പരിശോധന - 99,719/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു	1-25
33	പദ്ധതി പണം ചെലവഴിച്ച് വാങ്ങിയ വാഹനങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.03/24-25, തീ.19.08.2025)ക്ക് ലഭ്യമാക്കിയ മറുപടിയിൽ അടുത്ത വർഷത്തെ ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കുന്നതാണ് എന്നറിയിച്ചു. അക്കൗണ്ടിംഗ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 18.07.2025ലെ 2(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 23.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. &എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ

വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുമങ്ങാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 2024-25 വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി വാങ്ങലുകൾ ഉണ്ട്. ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.03/24-25, തീ.19.08.2025)ക്ക് ലഭ്യമാക്കിയ മറുപടിയിൽ തൻവർഷത്തെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല എന്നറിയിച്ചു. പുതിയ വാങ്ങലുകൾ ഉൾപ്പെടുത്തി സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-3 വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു

വാർഷിക ധനകാര്യ പത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 6,55,24,899/- രൂപയും, ചെലവ് തുക 6,76,54,200/- രൂപയുമാണ്. Deficit Of Income Over Expenditure -21,29,301/- രൂപ. വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു. ഇത്തരത്തിൽ ഡെഫിസിറ്റ് അക്കൗണ്ടാകാനുള്ള കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.03/24-25, തീ.19.08.2025)ക്ക് ലഭ്യമാക്കിയ മറുപടിയിൽ 59,84,222/- രൂപയുടെ ഡിപ്രിസിയേഷൻ കൂടി ഇൻകം & എക്സ്പെൻഡിച്ചറിൽ ഉൾപ്പെട്ടത് കൊണ്ടാണ് വരവിനേക്കാൾ ചെലവ് കൂടിയ സാഹചര്യം ഉണ്ടായത് എന്നറിയിച്ചു. അപാകം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-4 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2025 മാർച്ചിലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധന ചെലവ്) ബാലൻസ് ഷീറ്റ് (ബി-9) ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.03/24-25, തീ.19.08.2025)ക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നതിനുള്ള ഹെഡ് സാംഖ്യയിൽ ഇല്ലാത്തതിനാലാണ് അവ ഉൾപ്പെടുത്താത്തതെന്ന് മറുപടി നൽകി. അപാകം ഒഴിവാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-5 സംയുക്ത പ്രോജക്ട് - ഗ്രാമപഞ്ചായത്ത് വിഹിതം പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിൽ സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം, അവയുടെ ചെലവ് എന്നിവ കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.
വിശദാംശം ചുവടെ-

തുക നൽകിയ സ്ഥാപനം	2023-24 B-4 പ്രകാരം മുന്നിരിപ്പ് (രൂ.)	2024-25ൽ ലഭിച്ചത് (രൂ.) (RP-31 പ്രകാരം)	ആകെ (രൂ.)	സുലേഖ പ്രകാരം ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)	2024-25 B-4 നീക്കിയിരിപ്പ് (രൂ.)

ഗ്രാമ പഞ്ചായത്ത്	10,98,971	53,16,206	64,15,177	47,30,636	16,84,541	7,82,583*

നീക്കിയിരിപ്പിൽ വ്യത്യാസം വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-6 അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ

ബി-9 ഷെഡ്യൂളിലെ Govt And Other Dues Payable – Value Added Tax – രൂ.6,771/-. 2023-24 വർഷത്തിലും പ്രസ്തുത തുക അവശേഷിക്കുന്നു. VAT 07/2017-ന് ശേഷം നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ലയബിലിറ്റീസ് ഹെഡിൽ ഉൾപ്പെടുത്തിയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി (നം.03/24-25, തീ.19.08.2025)ക്ക് ആംനെസ്റ്റി ഗവ. സ്കീം വഴി തുക ഒടുക്കുന്നതാണെന്നറിയിച്ചു. അപാകം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	**06.02.2024**	**18.03.2025**
ഭരണ സമിതി തീരുമാനം	**1(2)**	**1(1)**
മുന്നിരിപ്പ്	രൂ.3,38,47,749	രൂ.2,01,77,923
പ്രതീക്ഷിത വരവ്	രൂ.11,71,58,000	രൂ.10,30,83,000
ആകെ	രൂ.15,10,05,749	രൂ.12,32,60,923
പ്രതീക്ഷിത ചെലവ്	രൂ.15,00,37,500	രൂ.12,06,97,500
നീക്കിയിരിപ്പ്	രൂ.9,68,249	രൂ.25,63,423

1-3 സാമ്പത്തിക നില (റസീപ്റ്റ് ആൻഡ് പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	രൂ.90,52,238
ഓഡിറ്റ് വർഷത്തെ വരവ്	രൂ.9,16,48,182
ആകെ	രൂ.10,07,00,420
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	രൂ.8,94,57,094
നീക്കിയിരിപ്പ്	രൂ.1,12,43,326

1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) നെടുമങ്ങാട് ബ്ലോക്ക്പഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	1,88,68,060	74,67,999	39.58
	പട്ടിക ജാതി	11,89,100	6,00,000	50.45
സേവനം	പൊതുവിഭാഗം	9,46,19,325	2,82,66,464	29.87
	പട്ടിക ജാതി	95,25,721	78,16,125	82.05
പശ്ചാത്തലം	പൊതുവിഭാഗം	1,60,55,298	1,40,53,017	87.52
	പട്ടിക ജാതി	55,45,339	3,75,197	67.65

ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ പൊതുവിഭാഗത്തിന് ചെലവ് കുറയാനിടയായതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകുയറി നം. 19/2024-25, തീ.25.08.2025ക്ക് 2023-24 സാമ്പത്തിക വർഷത്തിലെ അവസാന ഗഡു അനുവദിച്ചതായി ഉത്തരവ്

ലഭിച്ചതിനെ തുടർന്ന് ബില്ലുകൾ യഥാസമയം സമർപ്പിച്ചുവെങ്കിലും 97 ബില്ലുകൾ പാസായില്ല എന്നും അതിനാൽ പദ്ധതികൾ സ്പിൽ ഓവറായി വരുകയും ടി ബില്ലുകളുടെ മുഴുവൻ തുകയും 2024-25 സാമ്പത്തിക വർഷത്തെ ആദ്യ ഗഡുവിൽ നിന്നും ചെലവഴിക്കേണ്ട സാഹചര്യമുണ്ടായതിനാൽ യഥാർത്ഥത്തിൽ രണ്ട് ഗഡു തുക മാത്രമാണ് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിക്കായി ചെലവഴിക്കാൻ ലഭ്യമായത് എന്നും അറിയിച്ചു. പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിക്കാൻ തുക ലഭ്യമാകാത്ത സാഹചര്യമാണ് പദ്ധതി ചെലവ് എല്ലാ മേഖലകളിലും കുറയാൻ കാരണം എന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കുവാനും ഇത്തരം സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

2) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/Contributions തുകകൾ 2024-25 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് (B-4) ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്.
വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക (രൂ.)
320700402	Contributions For Other Specific Purposes (For Revenue Expenditure) From Municipal Corporations	50,00,000
320700405	Contributions For Other Specific Purposes (For Revenue Expenditure) From District Panchayaths	5,00,000

അർബൻ അഗ്ലോമറേഷന്റെ ഭാഗമായി കിള്ളിയാർ നവീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായാണ് തുക ലഭിച്ചത്. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കിള്ളിയാറിന്റെ തീരത്തെ അതിർത്തി നിർണയിച്ച് ലഭിക്കേണ്ടതുണ്ട്. ഇക്കാര്യം റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിരുന്നു എങ്കിലും പൊതുജനങ്ങളുടെ എതിർപ്പ് കാരണം അതിർത്തി നിർണയം പൂർത്തിയായിട്ടില്ല. സ്പെഷ്യൽ തഹസിൽദാറെ കൊണ്ട് വീണ്ടും അതിർത്തി നിർണയിച്ച് നൽകാൻ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. [ഓഡിറ്റ് എൻകയറി നം. 19/2024-25, തീ.25.08.2025 നുള്ള മറുപടിയായി] 2025-26 സാമ്പത്തിക വർഷം കിള്ളിയാർ മിഷൻ തുടർ പ്രവർത്തനങ്ങൾ എന്ന പേരിൽ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. അതിർത്തി നിർണയം അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പദ്ധതി പ്രവർത്തനം പൂർത്തിയാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
വികസന ഫണ്ട്(ജനറൽ)	0	3,17,29,000	3,17,29,000	3,13,12,743	4,16,257
വികസന ഫണ്ട് (എസ്.സി.പി)	0	1,22,17,000	1,22,17,000	1,20,68,605	1,48,395
വികസന ഫണ്ട് (റ്റി.എസ്.പി)	0	1,95,000	1,95,000	1,95,000	0
വികസന ഫണ്ട് (CFC Tied)	0	1,18,04,500	1,18,04,500	63,82,500	54,22,000
വികസന ഫണ്ട് (CFC Untied)	0	53,47,532	53,47,532	44,99,254	8,48,278
മെയിന്റനൻസ് ഫണ്ട്(റോഡിതരം)	0	20,10,000	20,10,000	20,10,000	0

*കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ)	ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം
മെഡിക്കൽ ഓഫീസർ, ഹോമിയോ	12	12	0	27,27,439	21,50,829	78.85
ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ	15	15	0	54,02,248	50,64,529	93.7
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	37	28	9	8,88,95,648	2,52,45,922	28.39
ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	1	1	0	1,50,000	1,50,000	100
പട്ടികജാതി വികസന ഓഫീസർ	5	4	1	47,95,000	46,43,483	96.84
അസിസ്റ്റന്റ് ഡയറക്ടർ കൃഷി	12	11	1	1,67,86,375	61,74,875	36.78
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	0	12,45,162	8,82,112	70.84
ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	5	5	0	11,86,334	7,86,053	66.25
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	29	24	5	2,48,09,637	1,70,52,773	68.73

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (രൂ.)	ചെലവ് തുക (രൂ.)	ശതമാനം
പൊതു വിഭാഗം (ജനറൽ)	3,61,55,783	3,13,12,743	
എസ്.സി.പി.	1,45,57,000	1,20,68,605	
റ്റി.എസ്.പി.	1,95,000	1,95,000	
ധനകാര്യ കമ്മീഷൻ അവാർഡ്	1,63,05,087	1,08,81,754	
കേന്ദ്രാവിഷ്കൃത ഫണ്ട്	3,85,20,000	0	
തനത് ഫണ്ട്	17,84,973	9,51,838	
മറ്റ് ഗ്രാമപഞ്ചായത്ത്	1,50,50,000	47,30,636	
ജില്ലാപഞ്ചായത്ത്	2,10,70,000	0	
മെയിന്റനൻസ് – നോൺ റോഡ്	23,60,000	20,10,000	
മറ്റുള്ളവ	2,52,88,820	1,72,250	

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ് (രൂ.) (മറ്റുള്ളവ ഒഴിവാക്കി)	ചെലവ് ശതമാനം
118	102	16	14,59,97,843	621,50,576	42.56

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള

മാർഗ്ഗരേഖ [സ.ഉ.(കൈ)നം. 84/2022/തസ്വഭവ., തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച് 12.12.2023ലെ ഭരണ സമിതിയുടെ 4(1) തീരുമാന പ്രകാരം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.(കൈ)നം. 84/2022/തസ്വഭവ., തീയതി 19.04.2022 ഖണ്ഡിക 3.1.2(എ)) 12.12.2023ലെ ഭരണ സമിതിയുടെ 4(2) തീരുമാനപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ പദ്ധതികളുടെ ഫയലിൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിട്ടർ ചെയ്തതതായി കാണുന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

`വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അവയുടെ തീവ്രത അനുസരിച്ച് ലഘു, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ അവസ്ഥാവിശകലനം നിർണ്ണയിച്ചിട്ടുണ്ട്. അതിനാൽ ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായി നിരീക്ഷിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കും പ്രകാരം പരിഹാരമാർഗ്ഗം കണ്ടെത്തി പ്രശ്ന തീവ്രത ലഘൂകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമസഭ

ഖണ്ഡിക 3.1.2 (ബി) 7 പ്രകാരം മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സിന്റെ പരിശോധനയിൽ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ചിട്ടുള്ളത് എന്ന് പരിശോധിക്കാനാവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികളുടെ മുൻഗണന നിശ്ചയിച്ച് അത്തരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ)), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്താവുന്നതാണ്. വായ്പ സാദ്ധ്യതകളെ കുറിച്ച് BLBC മീറ്റിംഗിൽ ഭരണസമിതി സാധ്യതകൾ ചർച്ച ചെയ്യുകയും IEO മുഖേന നടപ്പിലാക്കുന്ന ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് (SCP) എന്ന പദ്ധതി പ്രകാരം ഒരു ഗ്രൂപ്പിന് ലഭ്യമാക്കിയിട്ടുണ്ട് (പ്രോജക്ട് നം. 67).

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ))-യുടെ അടിസ്ഥാനത്തിൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. പുഷ്പ കൃഷി (61), ഇളനീർ സമൃദ്ധി - കുറിയിനം തെങ്ങിൻ തൈകൾ (94), മാമ്പഴ ഗ്രാമ പ്രദർശന തോട്ടം - Hidensity Planting (119), ഹരിത വിദ്യാലയ ഔഷധ സസ്യ പ്രദർശന തോട്ടം (66).

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1)ന്റെ അടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന നിർവ്വഹണം ചെയ്ത മാമ്പഴ ഗ്രാമ പ്രദർശന തോട്ടം – Hidensity Planting (പ്രോജക്ട് നം. 119), ഹരിത

വിദ്യാലയ ഔഷധ സസ്യ പ്രദർശന തോട്ടം (പ്രോജക്ട് നം. 66) എന്നീ പദ്ധതികൾ നൂതന പ്രോജക്ടായി ഏറ്റെടുത്തിട്ടുണ്ട്.

CSR ഫണ്ട്

വാർഷിക പദ്ധതി രൂപീകരണ സമയത്ത് CSR ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

ആസ്തി സംരക്ഷണം

ആസ്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആർട്രാക്ക് നടപടി ക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം ആസ്തികൾ കാലികമാക്കുന്നതാണെന്ന് അറിയിച്ചു.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

അവലംബം : ഓഡിറ്റ് എൻകയറി (നം. 2/24-25, തീ. 18.08.2025) യ്ക്കുള്ള മറുപടി.

1-6 ക്യാഷ് വെരിഫിക്കേഷൻ

– ഇല്ല –

1-7 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിലും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് പ്രാമുഖ്യമുണ്ട്. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി, ചുവടെ ചേർക്കുന്ന വിഷയങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

1. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ യഥാസമയത്തുള്ള പൂർത്തീകണം ഉറപ്പാക്കിയിട്ടില്ല.
2. പ്രീ മെട്രിക്ക് ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ വാങ്ങിയ വാഹനങ്ങൾ ഉപയോഗ ക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
4. പ്രീ മെട്രിക്ക് ഹോസ്റ്റലിനായി വാങ്ങിയ ഭൂരിഭാഗം സാധനങ്ങളും വിദ്യാർഥികൾക്ക് പ്രയോജന പ്രദമാക്കാൻ ആരംഭിച്ചിട്ടില്ല.
5. ജൈവഗ്രാമത്തിന്റെ അടിസ്ഥാന സൗകര്യം വിപുലമാക്കുന്നതിനായി തൻ വർഷം നടപ്പിലാക്കിയ പദ്ധതികളിൽ രേഖകളുടെ സൂക്ഷിപ്പിൽ അപാകം കണ്ടെത്തിയിട്ടുണ്ട്.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	17.01.2025 മുതൽ 25.01.2025 വരെ	2023-24	05.06.2025
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22.06.2020 മുതൽ 03.07.2020 വരെ	2015-16 മുതൽ 2019-20 വരെ	16.09.2020

1-9 തൊഴിലുറപ്പ് പദ്ധതി

– ഇല്ല –

1-10 വരവ് - അപാകങ്ങൾ

A) വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ വരവിനങ്ങളിൽ 2024-25 വർഷം ഡിമാന്റും കളക്ഷനും രേഖപ്പെടുത്തിയിട്ടുണ്ട്.
വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇൻകം & എക്സ്പെന്റിച്ചർ പ്രകാരം ഡിമാന്റ്	റസീപ്റ്റ് & പേമെന്റ് പ്രകാരം കളക്ഷൻ	റിമാർക്സ്
Rent From Buildings	42,000	37,900 (Rent Receivables From Buildings (Current)	വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കിയില്ല
Rent From Auditorium And Halls	47,410	47,410	രജിസ്റ്റർ, വാടക നിരക്ക് സംബന്ധിച്ച കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല
Other Rents	1,05,513	1,05,513	ഏതൊക്കെ വരവുകളാണ് ഈ ഹെഡിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാൻ ലെഡ്ജർ, രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല
Other Fees	22,118	22,118	ലെഡ്ജർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല
Sale Of Usufructs Of Trees	10,910	10,910	ലേലം സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല
Receipts From Auction Of Obsolete Assets	300	300	ലേലം സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല
Hire Charges Of Other Vehicle	9,400	9,400	വാഹനങ്ങളുടെ വാടക നിരക്ക് നിർണയിച്ച കമ്മിറ്റി തീരുമാനം, ലെഡ്ജർ, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

B) Biocontrol Lab-ൽ നിന്നുള്ള വാടക രസീതുകൾ, രജിസ്റ്റർ, കരാർ എന്നിവ പരിശോധിച്ചതിൽ 2023 ഒക്ടോബർ 1 മുതൽ 11 മാസത്തേക്ക് പ്രതിമാസം 1,700/- രൂപയും 18% ജി.എസ്.റ്റി. (ആകെ 2,006/- രൂപ)യുമാണ് ഈടാക്കുന്നത്. 2024 ഒക്ടോബർ 1-ന് കരാർ പുതുക്കിയതും ഇതേ നിരക്കിൽ തന്നെയാണ്. വാടകയിൽ 5% വർദ്ധനവ് ഏർപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കിയില്ല.

C) വാടക രജിസ്റ്റർ, രസീത് ബുക്ക് (നം. 1222) പരിശോധിച്ചതിൻ പ്രകാരം മുണ്ടേല ഷോപ്പിംഗ് കോംപ്ലക്സ്സ്ലിലെ IV/542, IV/543, IV/544 എന്നീ കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത് VFPCK വെള്ളനാട് സ്വാശ്രയ കർഷക സമിതിക്കാണ്. 2022 മാർച്ച് മാസത്തിലാണ് അവസാനമായി കരാർ പുതുക്കിയിട്ടുള്ളത് (11 മാസം കാലയളവ് - പ്രതിമാസ വാടക 1,250/- രൂപ). വാടക കരാർ പുതുക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല. 2024-25 വർഷം വാടക രണ്ട് മാസത്തേക്ക് 2,800/- രൂപയും 18% ജി. എസ്. റ്റി.-യും (ആകെ 3,304/- രൂപ) ആണ് ഈടാക്കുന്നത് (ആകെ 12 മാസത്തെ

വാടക 16,800/- രൂപ). 2023-24 വർഷം ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ട് മാസത്തെ വാടക 2,950/- രൂപയും 18% ജി. എസ്. റ്റി.-യുമാണ്. മുൻ വർഷത്തേക്കാൾ കുറഞ്ഞ നിരക്കിൽ വാടക ഈടാക്കിയതിനും വാടക പ്രതിമാസം ഒടുക്കാതെ കാലതാമസം വരുത്തുന്നതിന് പിഴ ഈടാക്കാത്തതിനും കാരണം വ്യക്തമാക്കുകയോ ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ ഏതൊക്കെ കടമുറികളാണ് നിലവിൽ ഒഴിഞ്ഞ് കിടക്കുന്നതെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.

D) വാടക രജിസ്റ്റർ, രസീത് ബുക്ക് (നം. 1222) പരിശോധിച്ചതിൽ Aditi Arts And Sports Club-ൽ നിന്നും പ്രതിമാസം 400/- നിരക്കിലാണ് വാടക ഈടാക്കുന്നത്. എന്നാൽ 03/24 മുതൽ 09/24 വരെയുള്ള വാടക 2,800/- രൂപയും ജി. എസ്. റ്റി. 504/- (ആകെ 3304/-) രൂപയും ഒടുക്കിയത് 28.09.2024നും 10/24 മുതൽ 03/25 വരെയുള്ള 2,400/- രൂപയും ജി. എസ്. റ്റി. 432/- (ആകെ 2832/-) രൂപയും ഒടുക്കിയത് 14.05.2025-നുമാണ്. വാടക ഒടുക്കുന്നതിൽ കാലതാമസം വരുന്നതിന് പിഴ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കുകയോ വാടക കരാർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

E) അവൾക്കൊപ്പം ജീവനി - വനിത ഫിറ്റ്നെസ് സെന്ററിലെ വരവ് ബ്ലോക്ക് പഞ്ചായത്തിന്റെ രസീത് ബുക്കിലും വാടക രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി ഫിറ്റ്നെസ് സെന്ററിലെ രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻകയറി (നം. 13/തീ. 21.08.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-11 ആർ. ആർ. എഫ്. യൂണിറ്റിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല

ആർ. ആർ. എഫ്. യൂണിറ്റിൽ നിന്ന് മാലിന്യം നീക്കം ചെയ്യുന്നതിനായി ഗ്രീൻ കേരള മിഷനുമായി ചമച്ചിട്ടുള്ള കരാർ, 2024-25 വർഷം മാലിന്യം നീക്കം ചെയ്ത ഇനത്തിൽ ഗ്രീൻ കേരള മിഷനിൽ നിന്ന് ലഭ്യമായ തുകയുടെ വിശദാംശം, കൈമാറിയ മാലിന്യത്തിന്റെ ഭാരം, ഭാര പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ വിവരം, ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ മാലിന്യം അളന്നതിന്റെ രേഖപ്പെടുത്തൽ, മാലിന്യത്തിന്റെ വരവും പോക്കും രേഖപ്പെടുത്തുന്ന രജിസ്റ്റർ, മാലിന്യം നീക്കം ചെയ്യുന്ന തീയതി രേഖപ്പെടുത്തിയ ഫോട്ടോ, മാലിന്യം കൈമാറുന്നതിന് മറ്റ് ഏതെങ്കിലും ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 31/തീ.26.08.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-12 നെടുമങ്ങാട് താലൂക്ക് ഹോമിയോപ്പതി ആശുപത്രിയിലേക്ക് മരുന്ന്, റീയേജന്റ് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല - 1,19,092/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം./പേര്	24/25 - നെടുമങ്ങാട് താലൂക്ക് ഹോമിയോപ്പതി ആശുപത്രിയിലേക്ക് മരുന്ന്, റീയേജന്റ് വാങ്ങൽ
അടങ്കൽ	രൂ.5,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	രൂ.5,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
എ.സി.ആർ. ബിൽ നം./ തീയതി/തുക	128/30.10.2024 - രൂ.4,50,000/- 131/12.11.2024 - രൂ.4,872/- 136/14.11.2024 - രൂ.2,616/- 367/19.03.2025 - രൂ.42,512/-
നിർവ്വഹണ ഉദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, ഹോമിയോ

നെടുമങ്ങാട് താലൂക്ക് ഹോമിയോപ്പതി ആശുപത്രിയിലേക്ക് മരുന്ന്, റീയേജന്റ് എന്നിവ വാങ്ങുന്നതിനായി മേൽ പറയും പ്രകാരം തുക ചെലഴിച്ചിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിനായി 4,50,000/-

രൂപ HOMCO-ക്ക് കൈമാറിയതിൽ 3,30,908/- രൂപയുടെ (Tax Invoice LF. No. 2937/Dt.14.03.2025 – രൂ.1,29,061/-, LF. No. 2600/Dt.17.02.2025 - രൂ.2,01,847/-) മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 1,19,092/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (നം. 23/തീ.25.08.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ 1,19,092/- രൂപ തടസ്സപ്പെടുത്തുന്നു.

1-13 ജ്യോതിർഗമയ ബാല്യ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല - 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം./പേര്	25/25 - ജ്യോതിർഗമയ ബാല്യ
അടങ്കൽ	രൂ.2,50,000/- (വികസന ഫണ്ട് - പൊതുവിഭാഗം)
ചെലവ്	രൂ.2,50,000/- (വികസന ഫണ്ട് - പൊതുവിഭാഗം)
എ.സി.ആർ. ബിൽ നം./തീയതി/തുക	209/31.12.2024 - രൂ.1,00,000/- 374/21.03.2025 - രൂ.1,50,000/-
നിർവ്വഹണ ഉദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, ഹോമിയോ

കുട്ടികളിലുണ്ടാകുന്ന ശാരീരിക അസ്വസ്ഥതകൾക്ക് ഹോമിയോപ്പതി ഹോം റെമഡി കിറ്റ് വാങ്ങി നൽകുക എന്ന ലക്ഷ്യത്തിൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം ഹോമിയോപ്പതി ഹോം റെമഡി കിറ്റ് ലഭ്യമാക്കുന്നതിന് 2,50,000/- രൂപ HOMCO-ക്ക് കൈമാറിയിട്ടുണ്ട് (Proforma Invoice PF. No. 968/Dt.27.12.2024, PF No. 1431/Dt. 19.03.2025). 28.01.2025-ന് രൂ.1,00,000/-, രൂ.1,50,000/- എന്നിങ്ങനെ തുകകൾ കൈപ്പറ്റിയതായി HOMCO രസീത് ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകൃയറി (നം. 22/തീ.25.08.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാകുന്നതുവരെ 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-14 "അവൾക്കായി" പദ്ധതി അപാകങ്ങൾ - മരുന്നുകൾ ലഭ്യമാകാത്തതിനാൽ 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

A)

പ്രോജക്ട് നമ്പർ, പേര്	27/25 – **"അവൾക്കായി"** - കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യസംരക്ഷണം
അടങ്കൽ	രൂ.2,00,000/- (വികസന ഫണ്ട് – പൊതുവിഭാഗം)
ചെലവ്	രൂ.2,00,000/- (വികസന ഫണ്ട് – പൊതുവിഭാഗം)
എ.സി.ആർ. ബിൽ നം./തീയതി/തുക	211/31.12.2024 - രൂ.1,50,000/- 375/21.03.2025 - രൂ.50,000/-
നിർവ്വഹണ ഉദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ ഹോമിയോ

ബ്ലോക്ക് പഞ്ചായത്തിലെ ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർത്ഥിനികളിൽ PCOD രോഗത്തെ കുറിച്ച് ബോധവത്കരിക്കുകയും രോഗപ്രതിരോധശേഷി നിലനിർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ ആവിഷ്കരിച്ച പദ്ധതിയുടെ പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം ഹോമിയോപ്പതി മരുന്ന് വാങ്ങുന്നതിന് 1,50,000/- രൂപ, ബോധവത്കരണം, Documentation എന്നിവയ്ക്കായി 50,000/- രൂപ എന്നിങ്ങനെയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് 2,00,000/- രൂപയ്ക്ക് മരുന്ന് വാങ്ങി വിതരണം ചെയ്യുന്നതിനായി മുഴുവൻ തുകയും HOMCO-യ്ക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

1) അംഗീകാരം ലഭിച്ചതിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതിന് കാരണം വ്യക്തമാക്കുകയോ ആയതിന് സാധൂകരണം നൽകിയ കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തില്ല.

2) മരുന്ന് പൂർണമായും ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാകുന്നതുവരെ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

B) 2024-25 വർഷത്തെ എ.സി.ആർ. പ്രകാരം പ്രോജക്ട് നം. 90/25 **"അവൾക്കായി"** പദ്ധതിക്കായി ചുവടെ പറയുന്ന പ്രകാരം തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്..

ഫണ്ട്	എ.സി.ആർ. ബിൽ നം./ തീയതി	തുക (രൂ.)	
വികസന ഫണ്ട് പൊതുവിഭാഗം	7/09.05.2024	10,000	
	80/16.05.2024	10,620	
	81/16.05.2024	1,00,000	HOMCO - PF. 1510/DT. 21.03.2024 - തുക കൈമാറിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻകയറി (നം. 18/തീ.23.08.2025)ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

സ.ഉ.(സാ.ധാ.)നം.881/2025/LSGD., തീയതി 01.04.2025, സബ് സിഡി മാർഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ., തീ. 28.05.2022 എന്നിവ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് **2 ലക്ഷം** രൂപയുടെ ധനസഹായം അനുവദിക്കാവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണയം നടത്തേണ്ടതാണ്.

താഴെപ്പറയുന്ന ഗുണഭോക്താക്കൾ 'പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം' പദ്ധതി പ്രകാരം 2024-25ൽ പഠനമുറി നിർമ്മാണത്തിനായി ചുവടെ വിവരിക്കും പ്രകാരം ആദ്യ ഗഡുവും തുടർന്ന രണ്ടും മൂന്നും ഗഡുക്കൾ കൈപ്പറ്റിയിട്ടും പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല (ഓഡിറ്റ് എൻകയറി നം. 7/തീ.21.08.2025)

A)

പ്രോജക്ട് നം./പേര്	91/25 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (SO)
അടങ്കൽ	രൂ.10,70,000/- (വികസന ഫണ്ട് – എസ്.സി.പി.)
ചെലവ്	രൂ.10,10,000/- (വികസന ഫണ്ട് – എസ്.സി.പി.)
നിർവ്വഹണ ഉദ്യോഗസ്ഥ	പട്ടികജാതി വികസന ഓഫീസർ

ക്രമ നം.	വിദ്യാർത്ഥിയുടെ പേര് / രക്ഷിതാവിന്റെ പേര്/രജിസ്റ്റർ പേജ് നം.	ബാങ്ക് അക്കൗണ്ട് നം.	2023-24 വർഷം കൈപ്പറ്റിയ തുക (രൂ.)	2024-25 വർഷം കൈപ്പറ്റിയ തുക (രൂ.) ബിൽ നം.	ആകെ കൈപ്പറ്റിയ തുക (രൂ.)	ഓഡിറ്റ് നിരീക്ഷണം

1	ഹിമ മഞ്ജു 51	40122200072173	30000/-	30000/- (253/09.05.24) 30000/- (376/20.12.24)	90000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ബാക്കി തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല
2	ആദി എസ്. സുജികുമാർ സിന്ധു 42	44980100006762	30000/- 60000/-	80000/-	170000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല.
3	മഞ്ജു വി. വത്സല 38	007701000037976	30000/- 60000/-	80000/- (258/09.05.24)	170000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല
4	അക്ഷര എസ്. എ. അജി ജെ. 35	556202010017830	30000/-	60000/- (259/09.05.24) 80000/- (376/20.12.24)	170000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല
5	വിഷ്ണു ബി. തങ്കമണി 43	67069077411	30000/-, 60000/-	80000/- (260/9.5.24)	170000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല
6	ഉമേഷ് യു. മഞ്ജു 56	67335807982	30000/-	60000/- (376/20.12.24)	90000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ബാക്കി തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല

7	ആവണി എ. അശ്വതി എസ്. 36	40122200074587	30000/-	60000/- (376/20.12.24) 80000/- (443/12.03.25)	170000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല
8	സിജിമോൾ ജീന വി. 41	3586108002218	30000/-	60000/- (376/20.12.24) 80000/-	170000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല
9	അനഘ എം. പി. മധു 48	110099967184	30000/-	60000/- (376/20.12.24)	90000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ബാക്കി തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല
10	അഭിൻ ശിവകുമാർ മഞ്ജു എസ്. 58	40122200069338	30000/-	60000/- (376/20.12.24) 80000/- (443/12.03.25)	170000/-	വാല്യുവേഷൻ സർട്ടിഫിക്കറ്റ് 21.08.2025ന് ലഭ്യമാക്കിയിട്ടുണ്ടെന്നും അവസാന ഗഡു 2025-26 വർഷം കൈമാറുന്നതാണെന്നും മറുപടി നൽകി. വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്
11	അമൽ എ. അശ്വതി ഐ. 50	40122200108536	30000/-	60000/- (376/20.12.24) 80000/- (443/12.03.25)	170000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല
12	മിഥുൻ ആർ. സംഗീത എസ്. 57	67261378114	30000/-	60000/- (376/20.12.24)	90000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ്

						ലഭ്യമാക്കുകയോ ബാക്കി തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല
13	പ്രണവ് പി. ഉഷ വി. 49	67339445564	30000/-	60000/- (376/20.12.24)	90000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ബാക്കി തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല
14	ഗോപിക എസ്. സജിത 46	67371880416	30000/- 60000/-	80000/- (377/20.12.24)	170000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല
15	അജിത്ത് എസ്. ആർ. രഞ്ജു 54	67345565892	30000/-	60000/- (393/28.01.25) 20000/-	110000/-	ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ബാക്കി തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല

മേൽ പരാമർശിച്ചിരിക്കുന്ന വിദ്യാർത്ഥികളുടെ പഠന മുറിയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കുന്നതാണെന്നും (ഓഡിറ്റ് എൻകൃയറി നം. 7/തീ.21.08.2025)ക്ക് മറുപടി നൽകി. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 അരുവിക്കര പട്ടികജാതി പ്രീ-മെട്രിക് ഹോസ്റ്റൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - ആവശ്യകതാനിർണയം നടത്താതെ വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിച്ചില്ല - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - 8,11,928/- രൂപ (90852+ 721076) തടസ്സപ്പെടുത്തുന്നു

അരുവിക്കര പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റലിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 23.08.2025ന് നടത്തിയ സ്ഥല പരിശോധനയിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ മിക്ക സാധനങ്ങളും കുട്ടികൾക്ക് പ്രയോജനപ്രദമാക്കുവാൻ സാധിച്ചിട്ടില്ല എന്നും ഹോസ്റ്റലിലെ ഭൗതിക സൗകര്യം ശോചനീയാവസ്ഥയിൽ തുടരുന്നതായും ബോധ്യപ്പെട്ടു. പദ്ധതികൾ നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു. അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നം. 4/തീ.19.08.2025, നം. 20/തീ.25.08.2025 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

A)

പ്രോജക്ട് നമ്പർ, പേര്	**134/25 – അരുവിക്കര പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ**
അടങ്കൽ	രൂ.4,00,000/- (വികസന ഫണ്ട് - എസ്.സി.പി.)
ചെലവ്	രൂ.4,00,000/- (വികസന ഫണ്ട് - എസ്.സി.പി.)
എ.സി.ആർ. ബിൽ നം./തീയതി/തുക	360/19.03.2025 - രൂ.1,75,000/- 373/20.03.2025 - രൂ.2,25,000/-
നിർവ്വഹണ ഉദ്യോഗസ്ഥ	പട്ടികജാതി വികസന ഓഫീസർ

പദ്ധതി പ്രകാരം വാങ്ങുകയും സ്റ്റോക്കിലെടുത്തതുമായ ചുവടെ പറയുന്ന സാധനങ്ങൾ പ്രീമെട്രിക് ഹോസ്റ്റലിൽ കുട്ടികൾക്ക് ഉപകാരപ്രദമാകും വിധം സ്ഥാപിച്ചിട്ടില്ല (23.08.2025ലെ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ).

1) Invoice No. KLM/244/Dt. 18.03.2025 - ARTCO Ltd.

Steel Book Shelf 4MM Glass Door With Locker - 7 Nos. X Rs 16284 = Rs 1,13,988/-


ഹോസ്റ്റലിൽ ലഭ്യമാക്കിയ 7 ബുക്ക് ഷെൽഫുകളിൽ 4 എണ്ണം മാത്രമാണ് ലൈബ്രറി ബുക്കുകൾ സൂക്ഷിക്കുന്നതിനായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. 3 എണ്ണം കുട്ടികൾക്ക് ഉപയോഗപ്പെടാതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നു. ആയത് ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല.



കുട്ടികൾക്ക് ഉപയോഗപ്പെടുത്താത്ത 3 ഷെൽഫുകൾ വാങ്ങുന്നതിന് ചെലവഴിച്ച **48,852/- രൂപ** തടസ്സപ്പെടുത്തുന്നു.

2) Invoice No. DD/9651/2425, Dt. 19.03.25 (From Diyas Digital Furniture And Home Appliances).

G + Gas Stove 3B GT Black Hybrid - Rs.10,000/-, Godrej WM GD WTEON HYS 90 5.0 FEFH GLGR Washing Machine - Rs.32,000/- എന്നീ സാധനങ്ങൾ കുട്ടികൾക്കായി ഉപയോഗപ്പെടുത്താതെ ഹോസ്റ്റലിലെ സ്റ്റോർ റൂമിൽ ബോക്സിനകത്ത് സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു.



ആയവ പ്രവർത്തനസജ്ജമാക്കി കുട്ടികൾക്ക് ഉപയോഗപ്രദമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല. **42,000**/- രൂപ തടസ്സപ്പെടുത്തുന്നു.

3) ARTCO Ltd. എന്ന സ്ഥാപനത്തിൽ നിന്ന് ഫർണിച്ചർ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 പ്രകാരമുള്ള ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകികൊണ്ടുള്ള കാലയളവ് GO(Rt)No.4/2025/PPAD., Dated 11.03.2025 ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുകയും ഓരോ ഇനത്തിനുമുള്ള പരമാവധി നിരക്ക് നിർണയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതിയിൽ ഉത്തരവ് പ്രകാരമുള്ള നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ARTCO-യിൽ നിന്നും ഫർണിച്ചർ വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നം./തീയതി/ തുക	പദ്ധതി പ്രകാരം ARTCO-യിൽ നിന്ന് വാങ്ങിയ ഇനം	വാങ്ങിയ നിരക്ക് (രൂ.)	എണ്ണം	ആകെ തുക (രൂ.)	ഉത്തരവ് പ്രകാരം Item Specification	ഉത്തരവ് പ്രകാരം പരമാവധി നിരക്ക് (രൂ.)	അധികം നൽകിയ തുക (രൂ.)
KLM 244 Dt. 18.03.25 രൂ.125000/- (Incl. GST 18%)	Steel Book Shelf 4MM Glass Door With Locker	13800/-	7	96600/-	Steel Book Shelf 4mm Glass Door With Locker 66x33x12(20G) CR Sheet (Annexure IV)	9877/-	27461 /-
	Medium Back Revolving Chair	5800/-	1	5800/-	Medium Back Revolving Computer Chair (Annexure VII)	2880/-	2920/-

ഉത്തരവ് പ്രകാരമുള്ള നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ARTCO-യിൽ നിന്നും ഫർണിച്ചർ വാങ്ങിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. റിപ്പോർട്ട് പുറപ്പെടുവിച്ച് 2 മാസത്തിനകം വ്യക്തമായ വിശദീകരണം നൽകാത്ത പക്ഷം അധികം നൽകിയ 30,381/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണയിച്ച് തുടർ നടപടിക്ക് ശിപാർശ ചെയ്യുന്നതാണ്

B)

പ്രോജക്ട് നം./പേര്	**133/25 - അരുവിക്കര പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ**
അടങ്കൽ	രൂ.7,25,000/- (വികസന ഫണ്ട് - എസ്. സി. പി.)
ചെലവ്	രൂ.7,23,483/- (വികസന ഫണ്ട് - എസ്. സി. പി.)
എ സി ആർ ബിൽ നമ്പർ-	358/19.03.2025 - രൂ.80001/-

തുക	359/19.03.2025 - രൂ.8501/- 361/19.03.2025 - രൂ.125882/- 363/19.03.2025- 430000/- 386/22.03.2025- 79099/-
നിർവ്വഹണ ഉദ്യോഗസ്ഥ	പട്ടികജാതി വികസന ഓഫീസർ

പദ്ധതി പ്രകാരം വാങ്ങുകയും സ്റ്റോക്കിലെടുത്തതുമായ ചുവടെ പറയുന്ന സാധനങ്ങൾ പ്രീമെട്രിക് ഹോസ്റ്റലിൽ കുട്ടികൾക്ക് ഉപകാരപ്രദമാകും വിധം സ്ഥാപിച്ച് കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടില്ല (23.08.2025ലെ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ).

1) Invoice No. GEM/202/24-25/Dt. 15.03.2025.

HP I3 Laptop With Backpack (From Elite Computers) - 10 Nos X Rs 43000 = Rs4,30,000/- (Incl. GST) - പദ്ധതി പ്രകാരം മാർച്ചിൽ വാങ്ങിയ 10 ലാപ്ടോപ്പുകളും ഓഡിറ്റ് തീയതിയിലും ഹോസ്റ്റലിൽ എത്തിച്ച് കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടില്ല.



GEM Contract പ്രകാരം ഒരു വർഷം മാത്രം OEM Warranty ഉള്ള ലാപ്ടോപ്പുകൾ വാങ്ങി 5 മാസങ്ങൾക്ക് ശേഷവും ഇൻസ്റ്റാൾ ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല. **4,30,000/-** രൂപ തടസ്സപ്പെടുത്തുന്നു.

2) Invoice No. 2024-25/KLM/247., Dt. 18.03.2025 (From ARTCO Ltd. - Delivery Charge Rs.2,407.2).

Computer Table MDF Drawer, Cupboard, Sliding Keyboard 90x60x75 - 10 Nos. X Rs.7,080 = Rs.70.800/-

S Type Executive Chair – 10 Nos X Rs.4,956 = Rs.49,560/-

Arm Chair (Nilkamal) – 3 No.S X Rs.1,038.4 = Rs 3,115.2.

കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിനായി വാങ്ങിയ 10 കമ്പ്യൂട്ടർ ടേബിളുകൾ, കസേരകൾ എന്നിവ പ്രസ്തുത ആവശ്യത്തിന് ഉപകാരപ്പെടാതെ സൂക്ഷിച്ചിരിക്കുന്നു.



3 Arm Chairs(Nilkamal) പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല. ആയതിന് വിശദീകരണം ലഭ്യമാക്കിയില്ല. **1,23,475/-** രൂപ തടസ്സപ്പെടുത്തുന്നു.

3) E Way Bill No.5517786066428, Dt. 13.03.2025 (From KM Technologies), E Way Bill No. 561786068076, Dt. 13.03.2025 (From KM Technologies) എന്നിവ പ്രകാരം വാങ്ങിയ **Projector Ceiling Mount (Rs.5,000/-), A3, A4 And Legal Size Sharp Monochrome Laser Multi Function Machine (Digital Copier) (Rs.75,001/-)**. പ്രസ്തുത ഉപകരണങ്ങൾ ഹോസ്റ്റലിൽ സജ്ജീകരിച്ചിട്ടില്ല.





GEM Contract പ്രകാരം ഒരു വർഷം മാത്രം Warranty ഉള്ള സാധനങ്ങൾ ഇൻസ്റ്റാൾ ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല. **80,001/-** രൂപ തടസ്സപ്പെടുത്തുന്നു.

4) Tax Invoice No. KMR/24-25/2810, Dt. 20.03.2025 (From KM Technologies) - **Business Projector EPSON EB-E01 Sl.No. X88Z4Y00573 – Rs.35,099/-.**

Tax Invoice No. HDS/R/628/24-25, Dt. 13.03.2025 (From Hind Digital Solutions) **Wall Mount Instalock SRS Suvira WMS 8x6 Projector Screen - Rs.8,501/-.**

മേൽ ഉപകരണങ്ങൾ ഓഡിറ്റ് തീയതി വരെ ഹോസ്റ്റലിൽ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. പ്രൊജക്ടറിന്റെ On Site OEM Warranty 3 വർഷവും Warranty For Light Source ഒരു വർഷവും മാത്രമാണ്.

പ്രൊജക്ടർ സ്ക്രീനിന്റെ Warranty 2 വർഷമാണ്. എന്നിട്ടും ഉപകരണങ്ങൾ വാങ്ങി 5 മാസങ്ങൾക്ക് ശേഷവും ഇൻസ്റ്റാൾ ചെയ്ത് ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. **43,600/-** രൂപ തടസ്സപ്പെടുത്തുന്നു.

5) Invoice No. C/074/24-25/Dt. 22.03.2025 From Sunrise Tower) - **OKAYA -ATSW1900/24 1.5KVA Inverter - Rs.11,000/-.**

Invoice No. C/075/24-25/Dt. 22.03.2025 (From Sunrise Tower) - **OKAYA-OPTT19054 160AH Tubular Battery - 2 Nos. X Rs.16,500/- = Rs.33,000/-.**



കമ്പ്യൂട്ടർ ലാബ് സജ്ജീകരണത്തിന്റെ ഭാഗമായി വാങ്ങിയ ഇൻവെർട്ടറും 2 ബാറ്ററികളും ഹോസ്റ്റലിൽ സ്ഥാപിച്ചിട്ടില്ല. ഇൻവെർട്ടറിന് 2 വർഷവും ബാറ്ററികൾക്ക് 3 വർഷവുമാണ് Warranty. **44,000/-** രൂപ തടസ്സപ്പെടുത്തുന്നു.

6)

ഇൻവോയ്സ് നം./തീയതി/ തുക	പദ്ധതി പ്രകാരം ARTCOയിൽ നിന്ന് വാങ്ങിയ ഇനം	വാങ്ങിയ നിരക്ക് (രൂ.)	എണ്ണം	ആകെ തുക (രൂ.)	ഉത്തരവ് പ്രകാരം Item Specification	ഉത്തരവ് പ്രകാരം പരമാവധി നിരക്ക് (രൂ.)	അധികം നൽകിയ തുക (രൂ.)
2024-25/KLM/247 Dt. 18.03.2025 രൂ.1,25,882/- (Incl. GST 18%)	Computer Table (MDF) Drawer, Cupboard, Sliding Keyboard 90x60x75	6000/-	10	60000/-	AW Computer Table 90x60x75 Cm. Novopan Top 5064 Keyboard (AnnexureII)	5064/-	9360/-
	S Type Executive Chair	4200/-	10	42000/-	S Type Executive Chair Cushioned (Annexure IV)	3049/-	11510/-

ഉത്തരവ് പ്രകാരമുള്ള നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ARTCO-യിൽ നിന്നും ഫർണിച്ചർ വാങ്ങിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. റിപ്പോർട്ട് പുറപ്പെടുവിച്ച് 2 മാസത്തിനകം വ്യക്തമായ വിശദീകരണം നൽകാത്ത പക്ഷം അധികം നൽകിയ 20,870/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണയിച്ച് തുടർ നടപടിക്ക് ശിപാർശ ചെയ്യുന്നതാണ്.

C) മേൽ പദ്ധതികൾ പ്രകാരം സാധനങ്ങൾ വാങ്ങുന്നതിന് മുമ്പ് ആവശ്യകതാ നിർണയം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

D) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട പ്രീ-മെട്രിക്ക് ഹോസ്റ്റൽ കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ അനിവാര്യം

പ്രീ-മെട്രിക് ഹോസ്റ്റലിന്റെ ചുവരുകൾ ഈർപ്പം പിടിച്ച് ശോചനീയാവസ്ഥയിലുള്ളതായി സ്ഥലപരിശോധനയിൽ കാണപ്പെട്ടു. അടിസ്ഥാന സൗകര്യമൊരുക്കലിന്റെ ഭാഗമായി കെട്ടിടത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.



ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർഥികൾക്കായുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലിൽ 23-08-2025ൽ നടത്തിയ പരിശോധനയിൽ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ റൂഫിലെ ചോർച്ചയെ തുടർന്ന് അടുക്കള, അനുബന്ധ മുറികൾ എന്നിവയുടെ ചുമരുകൾ ഈർപ്പം പിടിച്ച നിലയിൽ കാണപ്പെട്ടു. ശുചിമുറികളിൽ ചിലത് ഉപയോഗിക്കാനാവാത്ത അവസ്ഥയിലാണുള്ളത്. ഉപയോഗശൂന്യമായ പാത്രങ്ങൾ, ഫർണിച്ചർ, ഇലക്ട്രോണിക്സ് സാധനങ്ങൾ എന്നിവ സമയബന്ധിതമായി ലേലം ചെയ്ത് നൽകാത്തത് കാരണം കെട്ടിടത്തിന്റെ പലയിടങ്ങളിലായി കൂട്ടിയിട്ടിരിക്കുകയാണ്. അതിനാൽ സ്ഥലപരിമിതിയും രൂക്ഷമാണ്. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ആൺകുട്ടികൾക്കായി പഠനമുറികളോ, അവരുടെ വസ്ത്രം, പുസ്തകങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സൗകര്യമോ പ്രസ്തുത കെട്ടിടത്തിൽ നിലവിലില്ല. താമസിക്കുന്ന കെട്ടിടത്തിന്റെ ശോചനീയ അവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

വാങ്ങിയ സാധനങ്ങൾ കുട്ടികൾക്ക് ഉപയോഗപ്പെടും വിധം സ്ഥാപിക്കുന്നതുവരെ പദ്ധതി നം. 134/25 പ്രകാരം ചെലവഴിച്ച 90,852/- രൂപയും പദ്ധതി നം. 133/25 പ്രകാരം ചെലവഴിച്ച 7,21,076/- രൂപയും തടസ്സപ്പെടുത്തുന്നു. അടിസ്ഥാന സൗകര്യവികസനത്തിന് ആവശ്യകതാനിർണയം നടത്താതെ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയതിനും വാറന്റി കാലയളവിനുള്ളിൽ ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനും കാരണം വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം വാറന്റി കാലയളവിനുള്ളിൽ ഇൻസ്റ്റാൾ ചെയ്യാത്തതിനാൽ ഉപകരണങ്ങൾ കേടാവുന്നത് മൂലം ഇൻസ്റ്റാൾ ചെയ്ത് പിന്നീടുള്ള നിശ്ചിത കാലയളവിലുണ്ടാവുന്ന നഷ്ടത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാകുന്നതാണ്. ഗുരുതരമായ പ്രസ്തുത വിഷയത്തിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-17 വിനിയോഗ വിവരം ലഭ്യമാക്കിയില്ല - ചെലവ് തുക 29,89,642/- രൂപ തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. അവ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതു വരെ ചെലവ് തുകയായ 29,89,642/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോ. നം.	പദ്ധതി	സ്ഥാപനം	ബിൽ നം./ തീയതി	തുക (രൂ.)	ഫണ്ടിനം	ലഭ്യമാക്കേണ്ട രേഖകൾ
S021/25	പി.എം.എ.വൈ. - ലൈഫ് ഭവന നിർമ്മാണം - റ്റി.എസ്.പി.	ഗ്രാമ പഞ്ചായത്തുകൾ	296/14.03.2025 – രൂ.47447/- 307/15.03.2025 - രൂ.82553/-	130000	വികസന ഫണ്ട് റ്റി.എസ്.പി.	വിനിയോഗ സാക്ഷ്യപത്രം
S085/25	പി.എം.എ.വൈ. - ലൈഫ് ഭവന നിർമ്മാണം - റ്റി.എസ്.പി.	ഗ്രാമ പഞ്ചായത്തുകൾ	106/20.07.2024	65000	വികസന ഫണ്ട് റ്റി.എസ്.പി.	വിനിയോഗ സാക്ഷ്യപത്രം
S020/25	പി.എം.എ.വൈ. – ലൈഫ് ഭവന നിർമ്മാണവും സ്ഥലം വാങ്ങലും - എസ്.സി.പി.	ഗ്രാമ പഞ്ചായത്തുകൾ	1. 111/22.07.2024 രൂ.117880/- 2. 115/12.08.2024 രൂ.60000/- 3. 125/17.10.2024 രൂ.120000/- 4. 215/22.01.2025 രൂ.120000/- 5. 216/22.01.2025 രൂ.120000/- 6. 223/31.01.2025 രൂ.69000/- 7. 304/15.03.2025 രൂ.381800/- 8. 305/15.03.2025 രൂ.200000/- 9. 331/17.03.2025 രൂ.6079/- 10. 335/17.03.2025 രൂ.40000/- 11. 353/19.03.25 രൂ.400000/- 12. 354/19.03.25 രൂ.380000/- 13. 355/19.03.2025 രൂ.140000/- 14. 356/19.03.25 രൂ.125962/-	2280721	വികസന ഫണ്ട് എസ്.സി.പി.	വിനിയോഗ സാക്ഷ്യപത്രം
S084/25	പി.എം.എ.വൈ. -	ഗ്രാമ	1. 104/20.07.2024	513921	വികസന	വിനിയോഗ

	ലൈഫ് എസ്.സി.പി.	പഞ്ചായത്തുകൾ	രൂ.220000/- 2. 105/20.07.2024 രൂ.13921/- 3. 107/20.07.2024 രൂ.180000/- 4. 108/20.07.2024 രൂ.100000/-		ഫണ്ട് എസ്.സി.പി.	സാക്ഷ്യപത്രം

(ഓഡിറ്റ് എൻകയറി നം.24/2024-25/തീ.26.08.2025)

1-18 സമഗ്ര കുടിവെള്ള പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു - 63,82,500/- രൂപ (4009000 + 2373500)

I)

പ്രോജക്ട് നമ്പർ	S0053/25
പ്രോജക്ടിന്റെ പേര്	സമഗ്ര കുടിവെള്ള പദ്ധതി
അടങ്കൽ	രൂ.40,09,000/- (CFC Tied)
ചെലവ്	രൂ.40,09,000/-
ബിൽ നം./തീയതി/തുക	1) 235/21.02.2025 – രൂ.36,15,279/- 2) 368/19.03.2025 - രൂ.3,93,721/-
നിർവ്വഹണം	സെക്രട്ടറി

പൊതു കുടിവെള്ള പൈപ്പ് ലൈൻ മുഖേന കുടിവെള്ളം എത്തിക്കാൻ ബുദ്ധിമുട്ടുള്ളതും ജലദൗർലഭ്യം നേരിടുന്നതുമായ ഉയർന്ന പ്രദേശങ്ങളിലുള്ള കോളനികളിലും മറ്റ് ജനവാസ മേഖലകളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി കുടിവെള്ള സംഭരണ ടാങ്കും ബൂസ്റ്റർ പമ്പും സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് വർക്കായാണ് പ്രോജക്ട് നടപ്പിലാക്കുന്നത്.

29.01.2025ലെ 5/2-ാം നമ്പർ ജനറൽ കമ്മറ്റി തീരുമാനം പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ ബൂസ്റ്റർ പമ്പ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് 20.03.2025ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥ 2 പ്രകാരം ഒടുക്കിയ തുകയുടെ കൈപ്പറ്റ് രസീത്, ഏറ്റെടുത്ത പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇവയൊന്നും ഫയലിൽ ലഭ്യമല്ല. പദ്ധതി നിർവ്വഹണം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 40,09,000/- രൂപ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻകയറി നം. 11/2024-25/ രൂ.21.08.2025).

Ii)

പ്രോജക്ട് നമ്പർ	SO112/25 (സ്പിൽ ഓവർ)
പ്രോജക്ടിന്റെ പേര്	സമഗ്ര കുടിവെള്ള പദ്ധതി
അടങ്കൽ	രൂ.23,73,500/- (CFC - Tied)
ചെലവ്	രൂ.23,73,500/-
ബിൽ നം./തീയതി/തുക	1) 124/14.10.2024 – രൂ.12,80,990/- 2) 134/13.11.2024 - രൂ.10,92,510/-
നിർവ്വഹണം	സെക്രട്ടറി

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം ഏറ്റെടുത്തിരുന്ന സമഗ്ര കുടിവെള്ള പദ്ധതിക്കായി (പ്രോജക്ട് നം. 92/24) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 37,86,500/- രൂപ

വകയിരുത്തിയിരുന്നു. പൊതു കുടിവെള്ള പൈപ്പ്ലൈൻ മുഖേന കുടിവെള്ളം എത്തിക്കാൻ ബുദ്ധിമുട്ടുള്ളതും ജലദൗർലഭ്യം നേരിടുന്നതുമായ ഉയർന്ന പ്രദേശങ്ങളിലുള്ള കോളനികളിലും മറ്റ് ജനവാസ മേഖലകളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി കുടിവെള്ള സംഭരണ ടാങ്കും ബൂസ്റ്റർ പമ്പും സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് വർക്കായാണ് പ്രോജക്ട് നടപ്പിലാക്കുന്നത്. 2023-24 വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനായി 14,13,000/- വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിരുന്നു. 2024-25 വർഷം ടി പദ്ധതി സ്പിൽ ഓവറായി തുടരുകയും അടങ്കൽ തുകയായ 23,73,500/- രൂപയിൽ 12,80,990/- രൂപ, 10,92,510/- രൂപ എന്നിങ്ങനെ നൽകി.

21.09.2023ലെ 3/7-ാം നമ്പർ ജനറൽ കമ്മറ്റി തീരുമാനം പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ ബൂസ്റ്റർ പമ്പ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് 20.03.2024ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥ 2 പ്രകാരം ഒടുക്കിയ തുകയുടെ കൈപ്പറ്റ് രസീത്, ഏറ്റെടുത്ത പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് വരെ പദ്ധതി ചെലവ് തുകയായ 23,73,500/- രൂപ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻകവയറി നം. 08/2024-25, തീ. 21.08.2025).

1-19 വയോജന ക്ഷേമം - സോളാർ പാർക്ക് സ്ഥാപിക്കൽ - പദ്ധതി പൂർത്തിയാക്കിയില്ല

പ്രോജക്ട് നമ്പർ	S0076/25, SOO75/24, S00113/23
പ്രോജക്ടിന്റെ പേര്	വയോജന ക്ഷേമം - സോളാർപാർക്ക് സ്ഥാപിക്കൽ
അടങ്കൽ	രൂ.1,60,000/- (വികസന ഫണ്ട് - ജനറൽ)
ചെലവ്	രൂ.1,60,000/-
ബിൽ നം./തീയതി/ തുക	10/09.05.2024 – രൂ.1,60,000/-
നിർവ്വഹണം	സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വയോജന പാർക്കുകളിൽ സൗര വിളക്കുകളും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 8,00,000/- രൂപ 2023-24 വർഷം വകയിരുത്തിയിരുന്നു. 10.03.2023ലെ 1/6-ാം നമ്പർ ജനറൽ കമ്മറ്റി തീരുമാനപ്രകാരം കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) മുഖേന നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചു. തുടർന്ന് 17.03.2023ലെ 1/3-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം 8,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സോളാർ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റി സമ്മതപത്രം നൽകിയിട്ടുണ്ട് എന്നറിയിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് യാതൊരു അധികാരവുമില്ലാത്ത സ്ഥലത്ത് പദ്ധതി പണം ചെലവഴിച്ച് ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (KEL) ലിമിറ്റഡും ചേർന്ന് 18.03.2023 കരാറിൽ ഏർപ്പെട്ടു. 27.03.2023ലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ 6,40,000/- രൂപ കെ.ഇ.എൽ.-ന് നൽകി. തുടർന്ന് 1,60,000/- രൂപ 2024-25 വർഷവും നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിലും സൈറ്റ് പരിശോധിച്ചതിലും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

കെ.ഇ.എൽ.-ൽ നിന്നും ലഭിച്ച ഇലക്ട്രിക്കൽ/അനുബന്ധ ഉപകരണങ്ങളുടെ ടാക്സ്

ഇൻവോയ്സ് ലഭ്യമല്ല.

പേയ്മെന്റ് ലഭിച്ച് 90 ദിവസത്തിനുള്ളിൽ സാധനങ്ങൾ വിതരണം ചെയ്ത് ഇൻസ്റ്റാൾ ചെയ്യുന്നതാണെന്ന് കരാറിൽ (ഇനം 9) വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെട്ടില്ല.

25.10.2024ൽ മാത്രമാണ് സാധനങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നിർവ്വഹണം നടന്ന അരുവിക്കര ഡാം സൈറ്റിലേക്ക് കൊണ്ട് പോയത്. 17.01.2025ലെ ബി.പി.-2/113/2023/NDD നമ്പർ കത്ത് പ്രകാരം നികുതികൾ ഉൾപ്പെടെ 6,40,000/- രൂപ KEL-ന് അനുവദിച്ചെങ്കിലും വിതരണം ചെയ്ത സാധനങ്ങൾ യഥാവിധി പാർക്കിൽ ഇൻസ്റ്റാൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് KEL ജനറൽ മാനേജരോട് ആവശ്യപ്പെട്ടതിനെ തുടർന്നാണ് അവ സൈറ്റിൽ സ്ഥാപിച്ചിട്ടുള്ളത്.

പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം KEL-ൽ നിന്നും ലഭ്യമായിട്ടില്ല.

സ്ഥല പരിശോധനയിൽ സോളാർ ലൈറ്റുകൾ, ഇരിക്കുന്നതിനായി ചെയറുകൾ എന്നിവ സ്ഥാപിച്ചുവെങ്കിലും പദ്ധതി ഉദ്ഘാടനം ചെയ്തിട്ടില്ല. സ്ഥാപിച്ചിട്ടുള്ള സോളാർ ലൈറ്റുകളിൽ ചിലത് ഇളക്കി വച്ചിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടു.

സോളാർ പാർക്കിന്റെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി (നം. 12/2024-25, തീ.21.08.2025)ക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

2022-23 വാർഷിക പദ്ധതിയുടെ അവസാനഘട്ടത്തിൽ പദ്ധതി ഭേദഗതി സമയത്ത് ഏറ്റെടുത്ത പദ്ധതിയാണ് വയോജനക്ഷേമം - സോളാർ പാർക്ക് സ്ഥാപിക്കൽ (പ്രോജക്ട് നം. 113). ടി പദ്ധതി പ്രകാരം അരുവിക്കര ഡാമിനോട് ചേർന്ന് വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വയോജനങ്ങൾക്ക് വേണ്ടി ഒരു സോളാർ പാർക്ക് സ്ഥാപിക്കാനാണ് നിർദ്ദേശിച്ചിരുന്നത് എന്നും സമയപരിമിതിയും ഫണ്ടിന്റെ ലഭ്യത കുറവും ഉണ്ടായിരുന്നതിനാൽ ടി പദ്ധതി 2023-24 വർഷത്തിൽ സ്പിൽ ഓവർ ആയി ഏറ്റെടുത്ത് ഭാഗികമായി പൂർത്തീകരിച്ചുവെന്നും അറിയിച്ചു. കൂടാതെ തൻ വർഷം 6,40,000/- രൂപയുടെ (ക്യൂ ബിൽ) ധനവിനിയോഗം നടന്നിരുന്നതായും 2024-25 വർഷത്തിലാണ് പദ്ധതി പൂർത്തീകരിച്ച് ബാക്കി തുക 1,60,000/- വിനിയോഗിച്ചതെന്നും മറുപടിയിൽ വ്യക്തമാക്കി. പദ്ധതിയുടെ ഭാഗമായ ആസ്തി സംരക്ഷണത്തിന് ഫെൻസിങ്, ഫ്ലോറിങ് എന്നിവ കൂടി പൂർത്തിയാക്കി മാത്രമേ ഉദ്ഘാടനം ചെയ്യാൻ കഴിയൂ എന്ന് ഭരണ സമിതി വിലയിരുത്തിയതിന്റെ ഭാഗമായി 2025-26 വർഷത്തിൽ ആയതിന് 2,00,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചു.

സമയബന്ധിതമായി ഫെൻസിങ്, ഫ്ലോറിങ് എന്നിവ പൂർത്തിയാക്കി സോളാർ പാർക്ക് ഉദ്ഘാടനം നടത്തി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതുവരെ ചെലവാക്കിയ 8,00,000/- രൂപയുടെ മൂല്യം നഷ്ടപ്പെടുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥലപരിശോധനയിൽ പാർക്ക് യഥാവിധി പരിപാലിക്കാത്തതിനാൽ ലൈറ്റ്, ചെയർ എന്നിവ നാശോന്മുഖമായ അവസ്ഥയിലാണുള്ളത്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് നടത്തിയ നിർമ്മാണ പ്രവർത്തനത്തിന്റെ തുടർ പരിപാലനം സംബന്ധിച്ചും വ്യക്തത ആവശ്യമാണ്. വയോജനങ്ങളെ സോളാർ പാർക്കിലേക്ക് ആകർഷിക്കാനുതകുന്ന തരത്തിൽ പാർക്ക് പരിപാലിക്കേണ്ടതാണ്. ആയതിന് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.



1-20 ഗുണഭോക്താക്കളിൽ നിന്നും പിരിച്ച ഗുണഭോക്തൃ വിഹിതം ജൈവ ഗ്രാമത്തിന് കൈമാറിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല - 4,68,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2023-24 വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയിരുന്ന താഴെ ചേർക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 4,68,750/- രൂപ ഒടുക്കിയിരുന്നു. പദ്ധതികൾ പ്രകാരമുള്ള തെങ്ങിൻ തൈകൾ/ മാവിൻ തൈകൾ എന്നിവ ജൈവ ഗ്രാമത്തിൽ നിന്നുമാണ് വാങ്ങിയിരുന്നത്. തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ താഴെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ ചെക്കുകൾ മുഖേന ഗുണഭോക്തൃവിഹിതം ഇനത്തിൽ ലഭിച്ച തുകകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് തിരികെ നൽകിയിട്ടുണ്ട്.
വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം./ചെക്ക് നം.	തുക (രൂ.)	പദ്ധതി വിശദാംശം
1.	11/24/തീ.08-04-2024 21547/തീ.08-04-2024	78750	പ്രോജക്ട് നം. 94/24 **ഇളനീർ സമൃദ്ധി – കുറിയ ഇനം തെങ്ങിൻ തൈ വിതരണം** അടങ്കൽ – രൂ.7,35,000/- (ഗുണഭോക്തൃ വിഹിതം – 185000) ചെലവ് – രൂ.4,21,875/- (ഗുണഭോക്തൃ വിഹിതം – 168750)
2.	7/24/തീ.05-04-2024 021539/തീ.05-04-2024	90000	
3.	വൌച്ചർ-7/24-25 DT-5-4-24, ചെക്ക് നം-021539/5-4-24 4.9/24-25 DT-8-4-24 021541/8-4-24	150000 150000	പ്രോജക്ട് നം. 95/24 **(മാമ്പഴ സമൃദ്ധി - കോട്ടൂർ കോണം മാവിൻ തൈകളുടെ വിതരണം)** അടങ്കൽ – രൂ.12,80,000/- (ഗുണഭോക്തൃ വിഹിതം – 330000) ചെലവ് – രൂ.5,70,000/- (ഗുണഭോക്തൃ വിഹിതം – 300000)
	ആകെ	**468750**	

മേൽ പ്രകാരമുള്ള തുക തൈകൾ വിതരണം ചെയ്ത ജൈവ ഗ്രാമത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറാതെ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് അനുവദിച്ചതിന്റെ കാരണവും, കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് ലഭിച്ച തുക ജൈവ ഗ്രാമത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെയും വിവരവും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി

നം. 26/തീ. 26-08-2025ന് മറുപടി ലഭ്യമാക്കിയില്ല. ആയതു ലഭ്യമാക്കുംവരെയ്ക്കും 4,68,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ജൈവ ഗ്രാമത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ - രേഖകൾ ലഭ്യമാക്കിയില്ല - 8,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം.	62/25
പ്രോജക്റ്റിന്റെ പേര്	ജൈവ ഗ്രാമം അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
അടങ്കൽ	858142+1858+400000 (വികസന ഫണ്ട് - ജനറൽ + തനതു ഫണ്ട് + മറ്റുള്ളവ)
ചെലവ്	858142 + 1858 (രൂ.8,60,000/-)
ബിൽ നം./തീയതി/തുക	**1) 199/20-12-2024 – രൂ.1,50,000/-** 2) 200/20-12-2024 – രൂ.1,50,000/- 3) 201/20-12-2024 – രൂ.1,50,000/- 4) 202/20-12-2024 – രൂ.1,50,000/- 5) 265/12-03-2025 – രൂ.2,58,142/- 6) 347/18-03-2025 – രൂ.1,858/-

ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ജൈവ ഗ്രാമത്തിലെ നടീൽ വസ്തുക്കളുടെ ഉല്പാദനം, ജൈവ വള ഉല്പാദനം, ജല സേചന സൗകര്യം മെച്ചപ്പെടുത്തൽ, മാതൃ വൃക്ഷ തൈകൾ വച്ചു പിടിപ്പിക്കൽ, പരിപാലനം, വെർമി കമ്പോസ്റ്റ് യൂണിറ്റ്, കൂൺ കൃഷി, പച്ചക്കറി കൃഷി, പ്രദർശന യൂണിറ്റുകൾ സജ്ജീകരിക്കൽ, വാഹന സൗകര്യം മെച്ചപ്പെടുത്തൽ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഉല്പാദനോപാധികളുടെ നിർമ്മാണവും വിപണനവും ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ മറ്റ് തുകകൾ വകുപ്പുതല പദ്ധതികളിൽ നിന്നോ ജൈവ കേന്ദ്രത്തിന്റെ ഉല്പന്നങ്ങളുടെ വിറ്റ് വരവിൽ നിന്നോ ലഭ്യമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1.പദ്ധതിയുമായി ബന്ധപ്പെട്ട ചെലവു തുകകളെല്ലാം തന്നെ കൈമാറിയിരിക്കുന്നത് അക്കൌണ്ട് നം 6795966587 – IFSC IDIB000N143-ഇന്ത്യൻ ബാങ്കിന്റെ നെടുമങ്ങാട് ശാഖയിലേക്കാണ്. ആയത് മൊബൈൽ ചാണക സംസ്കരണ യൂണിറ്റിന്റെ വായ്പ ബന്ധിത അക്കൌണ്ടാണ്. പദ്ധതി പ്രകാരമുള്ള തുക വായ്പാ ബന്ധിത അക്കൌണ്ടിലേക്ക് കൈമാറിയ സാഹചര്യം വ്യക്തമല്ല.പ്രസ്തുത അക്കൌണ്ടിന്റെ 2024-25 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും 15/22-8-25) രേഖകൾ ലഭ്യമാക്കിയില്ല.ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ജൈവ ഗ്രാമത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ കേടുപാടുകൾ തീർക്കൽ, പെയിന്റിംഗ്, ഇൻഷുറൻസ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ, ഡീസൽ ചാർജ്ജ്, ഫാമിന്റെ മറ്റ് അറ്റകുറ്റപണികൾ, ദൈനംദിന ചെലവുകൾ, എന്നിവയ്ക്കായി 2,00,000/- രൂപ വൗച്ചർ പ്രകാരം ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (വൗച്ചർ നം. 8955/തീ. 27-05-2024, രൂ.2,00,000/-). ആയതിൽ 1,50,000/- രൂപയാണ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ക്രമ നമ്പർ 1 ബിൽ പ്രകാരം അനുവദിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത തുകയുടെ അനുബന്ധ ചെലവ് രേഖകൾ ലഭ്യമല്ല. വാഹനത്തിന്റെ അറ്റകുറ്റപണി നടത്തിയതിന്റെ രേഖകളും, ഏതെല്ലാം ദൈനംദിന ചെലവുകൾക്കായാണ് തുക ചെലവഴിച്ചതെന്നും അടക്കമുള്ള എല്ലാ ചെലവ് രേഖകളും ലഭ്യമാക്കേണ്ടതാണ്.

3. തൈകളുടെ ഹാർഡനിംഗ്, ജൈവവള ഉല്പാദനം, പാക്കിംഗ്, വിതരണം, കൂലി ചെലവുകൾ, ചാണക സമ്പുഷ്ടീകരണം, ചാണക സമ്പുഷ്ടീകരണ യൂണിറ്റിന്റെ മെയിന്റനൻസ് എന്നിവക്കായി വൗച്ചർ നം. 8956/തീ. 11-07-2024 പ്രകാരം 1,80,000/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

ആയതിലേക്ക് ബ്ലോക്ക് പഞ്ചായത്തിന്റ വിഹിതമായി ക്രമ നം. 2 ബിൽ പ്രകാരം 1,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്കുള്ള അനുബന്ധ ചെലവ് രേഖകൾ ലഭ്യമല്ല.

4. പ്രദർശന യൂണിറ്റുകളുടെ പരിപാലനം, ആട്, പശു പൗൾട്രി യൂണിറ്റ്, ജൈവവള ശേഖരണ യൂണിറ്റ്, പച്ചക്കറി പ്രദർശന തോട്ടം, VAM യൂണിറ്റ്, ഔഷധ സസ്യതോട്ടം തുടങ്ങിയവയുടെ പരിപാലനം എന്നിങ്ങനെ രേഖപ്പെടുത്തി (വൗച്ചർ നം. 8957/തീ. 31-08-2021, രൂ.1,65,000/-) തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ക്രമ നം. 3 ബിൽ പ്രകാരം 1,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ അനുബന്ധ ചെലവ് രേഖകൾ ലഭ്യമല്ല.

5. മാതൃ സസ്യങ്ങളുടെ പരിപാലനം, നടീൽ, ജൈവവളം, മറ്റ് ഉൽപന്നങ്ങൾ, ഉപാധികൾ വാങ്ങൽ, ദൈനംദിന പ്രവർത്തനങ്ങളുടെ കൂലി ചെലവ് തുടങ്ങിയവയ്ക്കായി (വൗച്ചർ നം. 8958/തീ. 11-11-2024, രൂ. 1,75,000/-) തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ക്രമ നം. 4 ബിൽ പ്രകാരം 1,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ അനുബന്ധ ചെലവ് രേഖകൾ ലഭ്യമല്ല.

6. ജൈവ ഗ്രാമത്തിലെ വിവിധ പ്രോജക്ടുകൾക്കും, നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഇൻവോയ്സുകൾ പ്രകാരം തുക ചെലവഴിച്ചതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ക്രമ നം. 5, 6 ബില്ലുകളിൽ ഉൾപ്പെടുത്തി 2,60,000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശവും തുക ചെലവഴിക്കലുമായി ബന്ധപ്പെട്ട അപാകങ്ങളും ചുവടെ ചേർക്കുന്നു.

A. ഇൻവോയ്സ് നം. ബി.പി. 59/തീ. 06-03-2025 പ്രകാരം വെർമി കമ്പോസ്റ്റ് പിറ്റ് കൺസ്ട്രക്ഷനായി 1,00,000/- രൂപയുടെ ചെലവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, മസ്റ്റർ റോൾ, വർക്ക് ബിൽ/വാല്യുവേഷൻ, എന്നിവ ഫയലിലില്ല.



B. ഇൻവോയ്സ് നം. ബി.പി. 60/തീ. 16-03-2025 പ്രകാരം വെജിറ്റബിൾ കൾട്ടിവേഷൻ പ്രോജക്ടിനായി ഭൂമി ഒരുക്കിയതിന് 800/- രൂപ നിരക്കിൽ 40 പ്രവൃത്തികൾക്ക് 32,000/- രൂപയും 5000 എണ്ണം വിത്തിന് 15/- രൂപ നിരക്കിൽ 75,000/- രൂപയും കൃഷി സംരക്ഷണത്തിനായി 3,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വിത്ത്/വളം വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ, നോമിനൽ മസ്റ്റർ റോൾ, എന്നിവയുടെ വിവരങ്ങൾ ലഭ്യമല്ല.

C. ഇൻവോയ്സ് നം. 61/തീ. 18-03-2025 പ്രകാരം Trichoderma Enriched Organic Manure Unit-നായി 2,000/- രൂപ നിരക്കിൽ 10 ടൺ ചാണകം, വേപ്പിൻ പിണ്ണാക്ക് 45/- രൂപ നിരക്കിൽ 1000 Kg, 120/- രൂപ നിരക്കിൽ Trichoderma – 100kg, തൊഴിലാളികളുടെ വേതനം 1,000/- രൂപ നിരക്കിൽ 3 പേർക്ക് എന്നിവക്കായി ആകെ 80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ജൈവവള

വിൽപ്പനയിലൂടെ എത്ര തുക ലഭിച്ചു, എന്നതിന്റെ വിവരം ലഭ്യമല്ല.

D. ഇൻവോയ്സ് നം. 61/തീ. 18-03-2025 പ്രകാരം Banana Demonstration Unitനായി 55,000/- ചെലവഴിച്ചിട്ടുണ്ട്. [20/- രൂപ നിരക്കിൽ വാഴ കന്നുകൾ 100 എണ്ണം (2000), നിലമൊരുക്കുന്നതിനായി 800/- രൂപ നിരക്കിൽ 25 ദിവസത്തേക്ക് വേതനമിനത്തിൽ 20,000/- രൂപ, ജൈവ വളം 20/- രൂപ നിരക്കിൽ 1500 Kg 30,000/- രൂപ, മറ്റ് ചെലവിനത്തിൽ 3,000/- രൂപ] വാങ്ങിയ വാഴ കന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വിൽപനയിലൂടെ എത്ര തുക ലഭിച്ചു എന്നതിന്റെ വിവരം ലഭ്യമല്ല.

E. ഇൻവോയ്സ് നം. 64/തീ. 18-03-2025 പ്രകാരം Ornamental Plants Propagation Unit - 40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രീൻ ഹൗസ് മെയിന്റനൻസ് വർക്ക് 15,000/-, ഓർണമെന്റൽ പ്ലാന്റ് - 100 Varieties @30, Pots & Medium Preparation@ 150-15000, പോളി എത്തിലീൻ കവർ – 5 KG, പ്ലാന്റ്, Plant Propagation Activities 10 Man Days @500-5000 എന്നിങ്ങനെ രേഖപ്പെടുത്തിയ ഇൻവോയ്സ് മാത്രമാണ് ഫയലിലുള്ളത്. ഓരോ ഇനത്തിന്റെയും ചെലവിനാധാരമായ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ, നിർമ്മാണ പ്രവൃത്തിയുടെ വാല്യുവേഷൻ എന്നിവ ലഭ്യമല്ല.

G. ഉല്പാദനോപാധികളുടെ നിർമ്മാണവും വിപണനവും ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ മറ്റ് തുകകൾ വകുപ്പുതല പദ്ധതികളിൽ നിന്നോ ജൈവ കേന്ദ്രത്തിന്റെ ഉല്പന്നങ്ങളുടെ വിറ്റുവരവിൽ നിന്നോ ലഭ്യമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. അത്തരത്തിൽ തുക ലഭ്യമായതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

രേഖകൾ/ രജിസ്റ്ററുകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 15/ തീ.22-08-2025ന് മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതുവരെ 8,60,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

1-22 സകർമ്മ മിനിട്സ് - സമയബന്ധിതമായി നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നില്ല

1995ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണ സമിതി യോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗ നടപടി കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻ തന്നെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ കാലതാമസം വന്നതായി കാണുന്നു.
ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി	മിനിട്സ് സെക്രട്ടറി അംഗീകരിച്ച തീയതി	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി
15.06.2024	24.09.2024	27.09.2024
12.04.2024	31.08.2024	31.08.2024
10.05.2024	31.08.2024	31.08.2024
24.07.2024	27.09.2024	27.09.2024
06.08.2024	27.09.2024	27.09.2024
08.11.2024	24.01.2025	24.01.2025
10.12.2024	16.04.2025	16.04.2025

ഓഡിറ്റ് എൻകയറി നം.6/തീ. 21.08.2025ന് ചട്ട പ്രകാരമുള്ള കാലയളവിൽ മിനിട്സ്

പ്രസിദ്ധപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്സ് പ്രസിദ്ധപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-23 ഹരിത വിദ്യാലയം - ഔഷധ സസ്യ പ്രദർശന തോട്ടമൊരുക്കൽ - വിതരണം നടത്തിയില്ല - 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം.	66/25 (NEW)
പ്രോജക്റ്റിന്റെ പേര്	ഹരിത വിദ്യാലയം - ഔഷധ സസ്യ പ്രദർശന തോട്ടമൊരുക്കൽ
അടങ്കൽ	രൂ 6,00,000/- (രൂ. 3,00,000 വികസന ഫണ്ട് + 1,50,000 കേന്ദ്രാവിഷ്കൃത ഫണ്ട് + 1,50,000 മറ്റുള്ളവ)
ചെലവ്	രൂ.3,00,000/-(വികസന ഫണ്ട്)
ബിൽ നം./തീയതി/തുക	**346/18-03-2025 – രൂ.3,00,000/-**
നിർവ്വഹണോദ്യോഗസ്ഥൻ	**അസിസ്റ്റന്റ് ഡയറക്ടർ, കൃഷി**

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന 5 ഗ്രാമ പഞ്ചായത്തുകളിലെയും വിദ്യാലയങ്ങളിലെയും കുട്ടികളിൽ പരിസ്ഥിതി ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന നൂതന മാതൃക പദ്ധതിയാണ് ഹരിത വിദ്യാലയം - ഔഷധ സസ്യ പ്രദർശന തോട്ടമൊരുക്കൽ. പ്രദർശന തോട്ടമൊരുക്കുന്നതിന് ആവശ്യമായ വിവിധ ഔഷധ സസ്യ തൈകൾ, ചെടിച്ചട്ടികൾ, ജൈവ വളങ്ങൾ എന്നിവ ജൈവ ഗ്രാമമാണ് തയ്യാറാക്കി നൽകുന്നത്. പ്രദർശന തോട്ടത്തിന്റെ ഒരു യൂണിറ്റ് തയ്യാറാക്കുന്നതിന് 60,000/- രൂപയാണ് ചെലവ്. ഗുണഭോക്തൃ വിഹിതം സ്കൂൾ പി.ടി.എ./മറ്റി ഫണ്ടുകളിൽ നിന്നും കണ്ടെത്തുന്നതിനും തുടർ പ്രവർത്തനങ്ങൾ, പരിപാലനം എന്നിവ അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.
1. പദ്ധതിയുമായി ബന്ധപ്പെട്ട ചെലവു തുക കൈമാറിയിരിക്കുന്നത് അക്കൌണ്ട് നം 6795966587 – IFSC IDIB000N143-ഇന്ത്യൻ ബാങ്കിന്റെ നെടുമങ്ങാട് ശാഖയിലേക്കാണ്. ആയത് മൊബൈൽ ചാണക സംസ്കരണ യൂണിറ്റിന്റെ വായ്പ ബന്ധിത അക്കൌണ്ടാണ്. പദ്ധതി പ്രകാരമുള്ള തുക വായ്പാ ബന്ധിത അക്കൌണ്ടിലേക്ക് കൈമാറിയ സാഹചര്യം വ്യക്തമല്ല.പ്രസ്തുത അക്കൌണ്ടിന്റെ 2024-25 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും 21/തീ.25-08-2025ന്) രേഖകൾ ലഭ്യമാക്കിയില്ല.ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി പ്രകാരം താഴെ ചേർക്കുന്ന ഇൻവോയ്സ് പ്രകാരമുള്ള ഔഷധ സസ്യങ്ങൾ ജൈവ ഗ്രാമത്തിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇൻവോയ്സ് നം.	ഇനം	ഒരെണ്ണത്തിന്റെ വില (രൂ.)	വാങ്ങിയ എണ്ണം	ആകെ തുക (രൂ.)
BP-58/2024-25	ഔഷധ സസ്യങ്ങൾ	30	1000	30,000
“	സിമന്റ് പോട്ട്സ്	150	1000	1,50,000
‘	ജൈവ വളം	20	2500	50,000
	Laying Out And Pot Arrangement	3000	10	30,000
	Labelling, Board Preparation	30	1000	30,000

	TRAINING 10 NOS @1000	10	1000	10,000
				3,00,000

ആയതിനുള്ള തുക മേൽ ബിൽ പ്രകാരം ജൈവ ഗ്രാമത്തിന്റെ പേരിലുള്ള 6795966587 Indian Bank അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

എ. താഴെ ചേർക്കുന്ന സ്കൂളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആരുടെയും കൈപ്പറ്റ്/ വിതരണ സ്റ്റേറ്റ്മെന്റ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമല്ല.

1.	കെ.കെ.വി. യു. പി. സ്കൂൾ, വേട്ടംപള്ളി
2.	യു. പി. സ്കൂൾ, ആട്ടുകാൽ, പനവൂർ
3.	ഗവ. യു. പി. സ്കൂൾ, ആറ്റിൻ പുറം
4.	ഗവ. ഹയർ സെക്കന്ററി സ്കൂൾ, അരുവിക്കര
5.	ഗവ. എൽ. പി. എസ്., കടമ്പനാട്
6.	ജി. എൽ. പി. എസ്., കുറ്റിയാണി
7.	ജി. എൽ. പി. എസ്., പൂങ്കംമൂട്

3. പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സുലേഖ പ്രകാരം 1,50,000/- രൂപ മറ്റുള്ളവയിൽ/ഗുണഭോക്തൃ വിഹിതം ഇനത്തിൽ അടങ്കലായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെയും ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയതിന്റെയും രേഖകൾ ലഭ്യമല്ല.

4. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല.

പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യാത്തതിന്റെ കാരണം നിലവിൽ ടി ഇനങ്ങൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന വിവരം എന്നിവ ലഭ്യമല്ല. ഔഷധ സസ്യങ്ങൾ വിതരണം ചെയ്തതിന്റെയും/ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 21/ തീ.25-08-2025ന് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ വിതരണം ചെയ്തിട്ടില്ല എന്ന് വാക്കാൽ മറുപടി നൽകി. പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വിതരണം പൂർത്തിയാക്കുന്നതുവരെ 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 മാമ്പഴ ഗ്രാമം പ്രദർശന തോട്ടം പദ്ധതി - സ്റ്റോക്ക് രജിസ്റ്റർ, അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല - 1,20,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്റ്റ് നം.	119/25 (NEW)
പ്രോജക്റ്റിന്റെ പേര്	മാമ്പഴ ഗ്രാമം പ്രദർശന തോട്ടം - ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്
അടങ്കൽ	രൂ.15,00,000/- (1250000 വികസന ഫണ്ട് ജനറൽ + 250000 കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ്	**രൂ.12,50,000/- (വികസന ഫണ്ട്)**
ബിൽ നം./തീയതി/ തുക	**204/20-12-2024 – രൂ.2,50,000/-** **35/09-05-2024 – രൂ.80,000/-** 36/09-05-2024 – രൂ.80,000/- 37/09-05-2024 – രൂ.1,00,000/- 38/09-05-2024 – രൂ.1,00,000/- 39/09-05-2024 – രൂ.80,000/-

	40/09-05-2024 – രൂ.80,000/- 45/09-05-2024 – രൂ.80,000/- 46/09-05-2024 – രൂ.80,000/- 47/09-05-2024 – രൂ.80,000/- 48/09-05-2024 – രൂ.80,000/- 49/09-05-2024 – രൂ.80,000/- 51/09-05-2024 – രൂ.80,000/-

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകളിലും സാധ്യമായ സ്ഥലങ്ങൾ കണ്ടെത്തി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, കൃഷി ഉദ്യോഗസ്ഥർ, MNREGS തൊഴിലാളികൾ, സ്ഥലം ഉടമ, സ്ഥാപനത്തിലെ അംഗങ്ങൾ, കൃഷി കൂട്ടങ്ങൾ, കർഷ ഗ്രൂപ്പ് പ്രതിനിധികൾ സജ്ജമാക്കുന്നു. MNREGS തൊഴിലാളികളുടെ സഹായത്തോടെ കൃഷിയിടം ഒരുക്കുന്നു. മികച്ചയിനം ഗ്രാഫ്റ്റ് തൈകളും, അടിവളവും 100 സബ്സിഡിയിൽ ജൈവ ഗ്രാമം വഴി നൽകുന്നു. തൈകളുടെ ഗുണനിലവാരം നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തുന്നു. തുടർന്നുള്ള പരിപാലനം ഉപഭോക്തൃ ഗ്രൂപ്പും MNREGS-ഉം നടത്തുകയും വരുന്ന വർഷങ്ങളിലും മികച്ച തോട്ടങ്ങൾ ആയി പദ്ധതി ആനുകൂല്യത്തോടെ പരിപാലിക്കപ്പെടുകയും തുടർന്ന് വിപണത്തിനും മൂല്യ വർദ്ധനവിനുമുള്ള സാദ്ധ്യതകൾ പരിശോധിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. പദ്ധതിയിലുൾപ്പെടുത്തി വിവിധ ഇൻവോയ്സുകൾ പ്രകാരം താഴെ ചേർക്കും പ്രകാരം തൈകളും വളവും ജൈവ ഗ്രാമത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നം./തീയതി	തൈ	ജൈവ വളം
8937/12-03-2024	200	2000 KG
8940/13-03-2024	200	2000 KG
8943/15-03-2024	200	2000 KG
8943/15-03-2024	200	2000 KG
8944/16-03-2024	200	2000 KG
8946/16-03-2024	200	2000 KG
8947/19-03-2024	200	2000 KG
8949/20-03-2024	200	2000 KG
8950/21-03-2024	200	2000 KG
8951/22-3-2024	200	2000 KG
8941/14-3-2024	200	2000 KG
8964/19-12-2024	250	10000 KG
ആകെ	2450	32000 KG (32000/5 = 6400 പായ്ക്കറ്റ്)

വാങ്ങിയ ഇനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമല്ല.

2. താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1. ഷെർലി
2. ഷക്കീല
3. ബിന്ദു
4. ശാന്തകുമാരി

5. ഷീജ

3. പരിശീലന നടത്തിപ്പിനായി 20,000/- രൂപ (8945/18-03-2024) പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട ചെലവുകളുടെ വിശദാംശം, പരിശീലന പരിപാടിയിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

4. പ്രദർശന തോട്ടം അടിസ്ഥാന സൗകര്യം ഒരുക്കലിനായി 1,00,000/- രൂപ (8964/15-03-2024) രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് ഏതെല്ലാം ഇനങ്ങൾക്കാണ് എന്നതിന്റെ രേഖകൾ/അനുബന്ധ ചെലവ് വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 16/തീ. 22-08-2025ന് ലഭ്യമാക്കിയ മറുപടി പൂർണ്ണമല്ല. കർഷകരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണന്നും സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം. 3, 4 അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെയ്ക്കും 1,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 ഇൻഡസ്ട്രീസ് എക്സ്ടെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ പരിശോധന - 99,719/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

A.

പ്രോജക്ട് നം.	67/25 (NEW)
പ്രോജക്ടിന്റെ പേര്	ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം
അടങ്കൽ	രൂ.8,00,000/- (വികസന ഫണ്ട് എസ്. സി. പി. 600000 + മറ്റുള്ളവ 200000)
ചെലവ്	രൂ.3,00,000/- (വികസന ഫണ്ട് - എസ്. സി. പി.)
എ.സി.ആർ. ബിൽ നം./തീയതി	385/22-03-2025
നിർവ്വഹണോദ്യോഗസ്ഥൻ	ഇൻഡസ്ട്രീസ് എക്സ്ടെൻഷൻ ഓഫീസർ

തെരഞ്ഞെടുക്കുന്ന ഗ്രൂപ്പ്, സംരഭം തുടങ്ങുന്നതിനാവശ്യമായ മൂലധനം വായ്പയായി സമാഹരിച്ച് പ്രവർത്തനം ആരംഭിക്കുകയും സംരഭ നിക്ഷേപത്തിന്റെ 75% പരമാവധി 3,00,000/- രൂപ ഒരു സംരഭത്തിന് സബ്സിഡിയായി അനുവദിക്കുകയും ചെയ്യുന്നു. ബാക്കി തുക സംരംഭം വായ്പയായി കണ്ടെത്തുന്നതിനും ആണ് പദ്ധതി വിഭാവനം ചെയ്യുന്നത്. രണ്ട് ഗ്രൂപ്പുകൾക്ക് 3,00,000/- രൂപ വീതം ആകെ 6,00,000/- രൂപ സബ്സിഡിയായി വകയിരുത്തിയിട്ടുണ്ട്.

തൻ വർഷം പദ്ധതി പ്രകാരം 3,00,000/- രൂപ ജീവനി ഫുഡ് പ്രോസസിംഗ് എന്ന ജെ. എൽ. ജി. ഗ്രൂപ്പിന് അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ/രേഖകൾ പരിശോധിച്ചതിൽ ബാങ്ക് ഓഫ് ഇന്ത്യ, നെടുമങ്ങാട് നിന്നും 27-03-2024ന് 3,80,000/- രൂപ വായ്പയായി അനുവദിച്ചതായുള്ള സാംങ്ഷൻ ഓർഡർ ഉള്ളടക്കം ചെയ്തിട്ടുണ്ട്. അർഹമായ സബ്സിഡി തുക 853410210000010 എന്ന എസ്. ബി. അക്കൗണ്ടിലേക്ക് അനുവദിക്കാൻ ബാങ്കിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ പ്രകാരമുള്ള അക്കൗണ്ട് പരിശോധിച്ചതിൽ 3,00,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സബ്സിഡി തുക അനുവദിച്ചതായി മാത്രമുള്ള രേഖപ്പെടുത്തലുണ്ട്. എന്നാൽ സാംങ്ഷൻ ചെയ്ത ലോൺ തുക 3,80,000/- രൂപ ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (ലോൺ/എസ്. ബി. അക്കൗണ്ട്) വരവ് വന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

B.

പ്രോജക്ട് നം.	92/25(so)
പ്രോജക്ടിന്റെ പേര്	അഗ്രി ബിസിനസ് ഇൻക്യുബേഷൻ സെന്റർ മുഖേനയുള്ള പരിശീലനം
അടങ്കൽ	രൂ.1,10,000/- (വികസന ഫണ്ട് – ജനറൽ 100000 + 10000 മറ്റുള്ളവ)

ചെലവ്	രൂ.99,719/- (വികസന ഫണ്ട് – ജനറൽ)
എ.സി.ആർ. ബിൽ നം./ തീയതി	53/09-05-2024
നിർവ്വഹണോദ്യോഗസ്ഥൻ	ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ

അഗ്രി ബിസിനസ് ഇൻക്യുബേഷൻ സെന്റർ പരിശീലന പദ്ധതി പ്രകാരം 18-നും 59-നും ഇടയിൽ പ്രായമുള്ള 20 പേർക്ക് ഭക്ഷ്യ സംസ്കരണ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള അഗ്രി ബിസിനസ് ഇൻക്യുബേഷൻ സെന്റർ മുഖേന പരിശീലനം നൽകുകയും അവരെ കാർഷിക ഉൽപന്നങ്ങളുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വൈദഗ്ധ്യം നൽകി സ്വയം തൊഴിൽ സംരഭങ്ങൾ ചെയ്യുന്നതിന് പ്രാപ്തമാക്കുകയും ചെയ്യുക എന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതി നടത്തിപ്പിനായി വികസന ഫണ്ടിൽ നിന്നും 1,00,000/- രൂപ വകയിരുത്തുകയും ഓരോ ഗുണഭോക്താവും വിഹിതമായി 500/- രൂപ വീതം സ്വയം വഹിക്കുവാനും പദ്ധതി പ്രകാരം നിർദ്ദേശിക്കുന്നു.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. പദ്ധതി പ്രകാരം മുഴുവൻ ചെലവ് തുകയും നിർവ്വഹണോദ്യോഗസ്ഥയുടെ/ നിർവ്വഹണോദ്യോഗസ്ഥയുടെ വ്യക്തിഗത അക്കൗണ്ടായ 67174122686-SBI എന്ന അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. ഉദാഹരണത്തിന് 17,995/- രൂപ ഫ്രൂട്ട്സ് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ആയത് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നൽകാതെ നിർവ്വഹണോദ്യോഗസ്ഥയുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്.

B. ഫോട്ടോഗ്രാഫിക്കായി 2,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫോട്ടോ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

3. 16,000/- രൂപ പരിശീലനം നല്കിയ ഇനത്തിൽ ഹരിതം ജെ. എൽ. ജി. ഗ്രൂപ്പിന് നൽകിയിട്ടുണ്ട്. ആയത് ഗ്രൂപ്പിന്റെ അക്കൗണ്ടിൽ നൽകാതെ നിർവ്വഹണോദ്യോഗസ്ഥയുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിരിക്കുന്നത്.

പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും ഇപ്രകാരം നിർവ്വഹണോദ്യോഗസ്ഥയുടെ വ്യക്തിഗത അക്കൗണ്ടായ 67174122686-SBI എന്ന അക്കൗണ്ടിൽ അനുവദിച്ചതിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകയറി നം. 32/തീ. 26-08-2025ന് മറുപടി ലഭ്യമാക്കിയില്ല. ജി.ഒ.(പി)147/2017/തീ. 16-11-2017 പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് പദ്ധതി പ്രകാരമുള്ള തുക കൈമാറേണ്ടത്. സർക്കാർ നിർദ്ദേശം പാലിക്കാതെ ഇത്തരത്തിൽ പദ്ധതി പണം ചെലവഴിക്കുന്നത് കർശനമായും ഒഴിവാക്കപ്പെടേണ്ടതാണ്. അപാകത്തിന് മറുപടി ലഭ്യമാക്കുന്നതുവരെയ്ക്കും 99,719/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-26 പദ്ധതി പണം ചെലവഴിച്ച് വാങ്ങിയ വാഹനങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്

A. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 2 പേർ വീതമുള്ള 4 ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ നൽകുന്നതിനായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്നും 5 ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിനായി ₹15,75,000/-യും വാങ്ങുന്ന ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നതിനും ചാർജ് ചെയ്യുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിനായി ₹4,00,000/-യും ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി ₹25,000/- ഉൾപ്പെടെ വികസന ഫണ്ട് പൊതുവിഭാഗത്തിൽ ₹20,00,000/- വകയിരുത്തി 2022-23 വർഷം പദ്ധതി നടപ്പാക്കിയിരുന്നു. ടി വർഷം ഓട്ടോകൾ കൈമാറി നൽകാത്തത് സംബന്ധിച്ച് പരാമർശവും 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. തൻവർഷത്തെ വൗച്ചർ പരിശോധനയിൽ വൗച്ചർ നം.93/തീ. 05-10-2025 (ചെക്ക് നം. 0711791/തീ. 05-10-2024) പ്രകാരം 34,010/- രൂപ ഇലക്ട്രിക്ക് ഓട്ടോകളുടെ റീ ചാർജ്ജിനായി ചെലവഴിച്ചിട്ടുണ്ട്, കൂടാതെ ടി വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനായി ഒരാളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. 23-08-2025ന് നടത്തിയ സ്ഥല പരിശോധനയിൽ മൂന്ന് ഓട്ടോകൾ നിലവിൽ ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് നിർത്തിയിട്ടതായി കണ്ടു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകയറി നം. 10/തീ.

23-08-2025ന് മറുപടിയായി, പദ്ധതി ഉൽഘാടനം ചെയ്ത് ഗുണഭോക്താക്കൾക്ക് വ്യവസ്ഥകൾ പ്രകാരം വാഹനങ്ങൾ അനുവദിച്ച് നൽകിയെങ്കിലും ഗുണഭോക്താക്കളിൽ രണ്ട് പേരൊഴികെ ബാക്കിയുള്ളവർ തുടരാൻ താൽപര്യമില്ല എന്നറിയിക്കുകയും തുടർന്ന് താൽപര്യമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി ഗുണഭോക്തൃ പട്ടിക പരിഷ്കരിച്ച് വാഹനങ്ങൾ അനുവദിച്ച് നൽകിയിരുന്നുവെങ്കിലും ചില ഗുണഭോക്താക്കൾ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയും വാഹനങ്ങൾ തിരികെ കൊണ്ടുവരാൻ നിർദ്ദേശിക്കുകയും രണ്ട് വാഹനങ്ങൾ തിരികെ കൊണ്ടിടുകയും 3 വാഹനങ്ങൾ ഉപയോഗിച്ച് വരികയും ചെയ്തിരുന്നുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവരിൽ ഒരാൾ അപകടത്തെ തുടർന്ന് വാഹനം ഉപയോഗിക്കാൻ കഴിയാതെ പദ്ധതിയിൽ നിന്നും ഒഴിവായി പോവുകയും ഒരാൾ കുടുംബ പരമായ സാഹചര്യത്തിൽ തുടരാൻ സാധിക്കുകയില്ല എന്നും അറിയിച്ചു എന്നാണ് മറുപടി. നിലവിൽ നിർത്തിയിട്ടിരിക്കുന്ന മൂന്ന് ഓട്ടോകളും സ്റ്റാർട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയത് പ്രവർത്തനക്ഷമമല്ല എന്ന് കണ്ടു. ഒരു ഓട്ടോ ആക്സിഡന്റിനെ തുടർന്ന് KAL കൊണ്ട് പോയി നാളിതുവരെ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. നിലവിൽ ഒരു ഓട്ടോ മാത്രമാണ് ഓടുന്നത്.



സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിന് മെച്ചപ്പെട്ട തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്ത് വരുമാനദായകമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി നടപ്പാക്കിയ പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാഴ്ചെലവായി മാറുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനാവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

B. ബ്ലോക്ക് പഞ്ചായത്ത് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യം എം. സി. എഫ്-ലേക്ക് കൊണ്ടുപോകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് കവചിത വാഹനം (E-Cart) സർക്കാർ സംരഭമായ കേരള ഓട്ടോ മൊബൈൽസിൽ നിന്നും വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച സമഗ്ര ശുചിത്വം ആരോഗ്യം പദ്ധതി പ്രകാരം 2022-23 വർഷം 5 കവചിത വാഹനങ്ങൾ കെ.എ.എൽ.-ൽ നിന്നും 5,07,900/- രൂപയ്ക്ക് വാങ്ങുകയുണ്ടായി (പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്). 23-08-2025ന് നടത്തിയ സ്ഥല പരിശോധനയിൽ അഞ്ച് വാഹനങ്ങളും നിലവിൽ ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് നിർത്തിയിട്ടതായി കണ്ടു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകുയറി നം. 10/തീ.23-08-2025ന് മറുപടിയായി ഗ്രാമ പ്രദേശത്തെ ഇടറോഡുകളിൽ കൂടി ടി വാഹനങ്ങൾ ഓടിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് പരിശീലനം നൽകിയെങ്കിലും പരിശീലനം ലഭിച്ച ഹരിത കർമ്മ സേനാംഗങ്ങൾ മാറി പുതിയ ആൾക്കാർ വന്ന സാഹചര്യത്തിൽ ഡ്രൈവറെ ഏറ്റെടുക്കുന്നതിനുള്ള വിമുഖത കാരണം ഗ്രാമപഞ്ചായത്തുകൾ വാഹനം തിരികെ കൊണ്ടുവന്നിട്ടു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ

ഗ്രാമപഞ്ചായത്തുകൾക്ക് നൽകാതെ വാഹനങ്ങൾ ബ്ലോക്ക് ഓഫീസ് പരിസരത്ത് തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

പദ്ധതി പണം, പാഴ്ചെലവാകാതെ വാങ്ങിയ വാഹനങ്ങൾ ഉപയോഗക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.



ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

– ബാധകമല്ല –

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തുക നൽകിയ	മുന്നിരിപ്പ്	തൻ	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച	നീക്കിയിരിപ്പ്

സ്ഥാപനം	(രൂ.)	വർഷം ലഭിച്ച തുക (രൂ.)		തുക (രൂ.)	(രൂ.)
ഗ്രാമപഞ്ചായത്ത്	10,98,971	46,40,636	124/25 – പി.എം.എ.വൈ. – ജനറൽ	46,40,636	7,82,583
		90,000	135/25 – പി.എം.എ.വൈ. – SCP	90,000	
ആകെ	10,98,971	**47,30,636**		**47,30,636**	7,82,583

വാർഷിക ധനകാര്യ പത്രിക പ്രകാരം

തുക നൽകിയ സ്ഥാപനം	(2023-24 B-4 പ്രകാരം) മുന്നിരിപ്പ് (രൂ.)	2024-25ൽ ലഭിച്ചത് (RP-31 പ്രകാരം) (രൂ.)	ആകെ (രൂ.)	സുലേഖ പ്രകാരം ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)	വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് (രൂ.)
ഗ്രാമ പഞ്ചായത്ത്	10,98,971	53,16,206	64,15,177	47,30,636	16,84,541	7,82,583*
ജില്ലാ പഞ്ചായത്ത്	5,00,000	0	5,00,000	0	5,00,000	5,00,000
മുൻസിപ്പൽ കോർപ്പറേഷൻ	50,00,000	0	50,00,000	0	50,00,000	50,00,000

നീക്കിയിരിപ്പിന്റെ വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ് (ഖണ്ഡിക 1-1-5 കാണുക).

4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂ.)	ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) (രൂ.)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂ.)
കേരള വാട്ടർ അതോറിറ്റി	S0053/25 സമഗ്ര കുടിവെള്ള പദ്ധതി	40,09,000	ലഭിച്ചിട്ടില്ല	40,09,000
കേരള വാട്ടർ അതോറിറ്റി	SO112/25 - (സ്പിൽ ഓവർ) സമഗ്ര കുടിവെള്ള പദ്ധതി	23,73,500	ലഭിച്ചിട്ടില്ല	23,73,500

വാർഷിക ധനകാര്യ പത്രിക പ്രകാരം

സ്ഥാപനം	2023-24 - AFS B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂ.)	നിക്ഷേപം (രൂ.)	ആകെ (രൂ.)	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് (രൂ.)	നീക്കിയിരിപ്പ് (രൂ.)	വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് (രൂ.)
കേരള വാട്ടർ അതോറിറ്റി	67,22,729	63,82,500	1,31,05,229	ലഭിച്ചിട്ടില്ല	1,31,05,229	1,31,05,229

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

4-6 സ്ഥിര നിക്ഷേപം

FD നമ്പർ	തുക (രൂ.)	മെച്യൂരിറ്റി തീയതി
0011623/29.04.2020	25,00,000/-	29.04.2026
0020108/22.06.2020	26,53,905/-	22.06.2026
0020203/12.08.2020	25,00,000/-	12.07.2026
0020210/20.08.2020	6,50,000/-	21.07.2026
0028178/04.10.2021	26,45,000/-	04.09.2026
0030823/09.11.2022	25,50,000/-	09.10.2026
0030821/09.11.2022	5,00,000/-	09.10.2026
0030850/22.11.2022	45,00,000/-	22.10.2026
000664/19.03.2024	5,00,000/-	19.02.2026

4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

– ഇല്ല –

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	രൂ.90,52,238
ഓഡിറ്റ് വർഷത്തെ വരവ്	രൂ.9,16,48,182
ഓഡിറ്റ് വർഷത്തെ ചെലവ്	രൂ.8,94,57,094
നീക്കിയിരിപ്പ്	രൂ.1,12,43,326
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	രൂ.1,27,01,631

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂ.)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	1,19,092	ശ്രീമതി. അമ്പിളി എം. കെ., സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി, നെടുമങ്ങാട്
1-13	2,50,000	ശ്രീമതി. അമ്പിളി എം. കെ., സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി, നെടുമങ്ങാട്
1-14	3,00,000	ശ്രീമതി. അമ്പിളി എം. കെ., സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി, നെടുമങ്ങാട്

1-16	8,11,928	ശ്രീമതി. ശ്രീകല എസ്., പട്ടിക ജാതി വികസന ഓഫീസർ, നെടുമങ്ങാട്
1-17	21,12,841	ശ്രീ. വിനോദ് കുമാർ എസ്., സെക്രട്ടറി
1-17	8,76,801	ശ്രീ. സുരേഷ് കുമാർ എസ്., സെക്രട്ടറി
1-18	63,82,500	ശ്രീ. വിനോദ്കുമാർ എസ്., സെക്രട്ടറി
1-20	4,68,750	ശ്രീ. ചാരുമിത്രൻ, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി
1-21	8,60,000	ശ്രീ. ചാരുമിത്രൻ, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി
1-23	3,00,000	ശ്രീ. ചാരുമിത്രൻ, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി
1-24	1,20,000	ശ്രീ. ചാരുമിത്രൻ, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി
1-25	99,719	ശ്രീമതി. അർച്ചന സി. എസ്., വ്യവസായ വികസന ഓഫീസർ
ആകെ	**1,27,01,631**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സുരേഷ് കുമാർ കെ. എസ്., സെക്രട്ടറി	വിരമിച്ചു	തിരുവാതിര, ആർ.എൽ.ആർ.എ-215, ആയൂർകോണം പേരൂർക്കട പി. ഒ.
ശ്രീ. വിനോദ്കുമാർ എസ്. സെക്രട്ടറി	സെക്രട്ടറി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്	TC 20/1816, നാരായണ നിവാസ് തമലം, പൂജപ്പുര (പി. ഒ.) തിരുവനന്തപുരം
ശ്രീമതി. അമ്പിളി എം. കെ. സൂപ്രണ്ട് താലൂക്ക് ഹോമിയോ ആശുപത്രി	സൂപ്രണ്ട് താലൂക്ക് ഹോമിയോ ആശുപത്രി നെടുമങ്ങാട്	നാദം, വെൺമാനൂർ അനക്കോട്ടൂർ പി. ഒ. നെടുവത്തൂർ, കൊട്ടാരക്കര
ശ്രീ. ചാരുമിത്രൻ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്	ചൈത്രം, ജി.എൻ.ആർ.എ.54-ജി കൊടുങ്ങാനൂർ പി. ഒ. വട്ടിയൂർക്കാവ്
ശ്രീമതി. ശ്രീകല എസ്. പട്ടിക ജാതി വികസന ഓഫീസർ നെടുമങ്ങാട്	പട്ടിക ജാതി വികസന ഓഫീസർ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്	ഷൈൻ സദനം വയല പി. ഒ. അഞ്ചൽ, കൊല്ലം
ശ്രീമതി. അർച്ചന സി. എസ്. വ്യവസായ വികസന ഓഫീസർ	അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രിയൽ ഓഫീസർ താലൂക്ക് ഇൻഡസ്ട്രീസ്	കുളപ്പുള്ളി, 137/2 കല്ലിംഗൽ നെടുമങ്ങാട്

	ഓഫീസ് റവന്യൂ ടവർ ഹരിപ്പാട്	

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2005-06	കെ.എസ്.എ./റ്റി.വി.എം./ബി.പി.1/2047/2022, തീയതി 19.11.2022	2
2006-07		7
2007-08		6
2008-09		3
2009-10		1
2010-11		4
2012-13		1
2013-14		4
2016-17		4
2017-18		1
2018-19	കെ.എസ്.എ./റ്റി.വി.എം./ബി.പി.1/1802/2019, തീയതി 03.10.2019	24
2019-20	കെ.എസ്.എ./റ്റി.വി.എം./ബി.പി.1/267/2022, തീയതി 22.03.2022	17
2020-21	കെ.എസ്.എ./റ്റി.വി.എം./ബി.പി.1/629/2022, തീയതി 01.06.2022	28
2021-22	കെ.എസ്.എ./റ്റി.വി.എം./ബി.പി.1/2259/2022, തീയതി 23.03.2023	25
2022-23	കെ.എസ്.എ./റ്റി.വി.എം./ബി.പി.1/1097/2023, തീയതി 12.03.2024	17
2023-24	കെ.എസ്.എ./റ്റി.വി.എം./ബി.പി.1/1238/2024, തീയതി. 07.10.2024	19

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 18-07-2025 and submitted on 23-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Nedumangadu Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Nedumangadu Block Panchayat as on 31-03-2025

Date: 25/11/2025 **Joint Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nedumangadu Block Panchayat for the Year 2024-2025.

1.Major Observations

1) Income and Expenditure Statement in the Annual Financial Statement shows a deficit. Income and Expenditure as per Annual financial statement is â¹6,55,24,899/- and â¹6,76,54,200/- respectively and Deficit of Income over Expenditure is â¹21,29,301/-.

2.Other Observations

1) The Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 has not been prepared and submitted along with the Annual Financial Statement.

2) As per the Kerala Panchayat Raj (Accounts) Rules 58 (4) (a), physical verification and matching of stock is to be done at the end of every year. But at the end of the year 2024-25, the value of Stock in hand (inventories) has not been included in the

Balance Sheet B-14 Schedule of the annual financial statement. As per the balance sheet, the stock value is shown as zero.

3) Expenses due, including honorarium for members and fuel expenses, have not been disclosed and no provision has been made for outstanding expenses in the balance sheet.

4) The closing balance of funds received from Village Panchayaths for Joint Venture Projects does not agree with the receipt and expenditure of the same.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്